
No. 194 OCTOBER 2005

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

No. 194 OCTOBER 2005



## EDITORIAL BOARD

*Chief Editor*
**Dr. S. Jayaraj kumar**


*Managing Editor*
**V. Jayakumar**

*Assistant Editor*
**Dr. G. S. Suresh**

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
M.S.Vasanthakumar
Dr. C.R.Prasad
Mathew J. Muttath
N.Rajan
Soman Nadar
Kavumbai Balakrishnan
P. Sivadasan


visit www.akpcta.org

194




# inside


Formula for a Model Central Legislation

●

ആഗോളവൽകരണവും വിദ്യാഭ്യാസവും
പ്രൊഫ. നൈനാൻകോശി

●

പ്രൊഫഷണൽ വിദ്യാഭ്യാസം
ആർ. വി. ജി. മേനോൻ

●

വിദ്യാഭ്യാസ അവകാശ ബിൽ 2005
കെ. എൻ. ഗണേഷ്

●

Quality in Higher Education
*Dr. Rajan Varughse*

●

Report of CABE Committee on Financing Higher and Technical Education

●

Unsustainable Nature of Golbalisation

●

വിയന്നാ വോട്ട് - വിലയിടിഞ്ഞ നയതന്ത്രം
എം. എസ്. വസന്തകുമാർ

- Editorial
- Economic Focus
- സമരപഥങ്ങൾ
- സർവ്വീസ് പംക്തി
- ശാസ്ത്രജാലകം
- സർക്കാർ ഉത്തരവുകൾ

# തിന വിതച്ചാൽ തിനയറുക്കും വിനവിതച്ചാൽ വിനയറുക്കും

ഇക്കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തിരഞ്ഞെടുപ്പ് കേരള ചരിത്രത്തിൽ പ്രത്യേക സ്ഥാനം നേടിയിരിക്കുന്നു. അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞ ഭരണ ശൈലിക്ക് അവസാനമുണ്ടാകണമെന്ന ആഗ്രഹം കേരള ജനത വീണ്ടും പ്രകടിപ്പിച്ചു. അതി ദയനീയമായ വിധം ജനപിന്തുണ സർക്കാരിന് നഷ്ടപ്പെട്ടു എന്ന് തിരഞ്ഞെടുപ്പു ഫലം സൂചിപ്പിക്കുന്നു. എല്ലാ കോർപറേഷനുകളും ഭൂരിപക്ഷം നഗരസഭകളും, ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളും ഇടതു ജനാധിപത്യ മുന്നണിയുടെ ഭരണ നേതൃത്വത്തിലായി.

> 'അതിവേഗം - ബഹുദൂരം' കേരളത്തെ വികസിപ്പിച്ചെടുക്കാൻ ശ്രമിക്കുന്നവർ അതിവേഗം -ബഹുദൂരം' ജനശത്രുക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. നീരെന്നു പറഞ്ഞാൽ തീ കെടുകയില്ല. പദയാത്രകളും, വികസന സന്ദേശങ്ങൾ പേറുന്ന പരസ്യവാചകങ്ങളും ജനങ്ങൾ തമസ്ക്കരിച്ചു. പരസ്യം മാത്രം പോര പ്രവർത്തനവും വേണമെന്ന് തിരഞ്ഞെടുപ്പ് ഫലത്തിലൂടെ അവർ ഓർമ്മിപ്പിച്ചു.

ഈ ഉജ്ജ്വലവിജയം അപ്രതീക്ഷിതമായിരുന്നില്ല. സാമാന്യ ജനങ്ങൾ യു ഡി എഫ് സർക്കാരിനെ എത്രമാത്രം വെറുക്കുന്നു എന്ന് ഭരണപക്ഷത്തിന്റെ ദാരുണമായ പരാജയം സൂചിപ്പിക്കുന്നു. മുൻപ് രണ്ടുമുന്നണികളും തമ്മിലുള്ള വോട്ടിന്റെ വ്യത്യാസം രണ്ടോ മൂന്നോ ശതമാനം ആയിരുന്നു എങ്കിൽ ഇപ്പോൾ അത് 54-39 എന്ന വിധത്തിലാണ്. 'അതിവേഗം - ബഹുദൂരം' കേരളത്തെ വികസിപ്പിച്ചെടുക്കാൻ ശ്രമിക്കുന്നവർ 'അതിവേഗം-ബഹുദൂരം' ജനശത്രുക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. നീരെന്നു പറഞ്ഞാൽ തീ കെടുകയില്ല. പദയാത്രകളും, വികസന സന്ദേശങ്ങൾ പേറുന്ന പരസ്യവാചകങ്ങളും ജനങ്ങൾ തമസ്ക്കരിച്ചു. പരസ്യം മാത്രം പോര പ്രവർത്തനവും വേണമെന്ന് തിരഞ്ഞെടുപ്പ് ഫലത്തിലൂടെ അവർ ഓർമ്മിപ്പിച്ചു. ഈ കൊടും പരാജയത്തിലും 'ക്ളീഷേ' പോലെ കാരണങ്ങളും ന്യായീകരണങ്ങളും നിരത്തുന്നതു കാണുമ്പോൾ ഇക്കൂട്ടർക്ക് ഇനിയും യാഥാർത്ഥ്യബോധം കൈവന്നിട്ടില്ലെന്നു വേണം കരുതാൻ.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലെ പരാജയത്തിനു ശേഷം വന്ന യു ഡി എഫിന്റെ രണ്ടാം പതിപ്പായ ഉമ്മൻചാണ്ടി സർക്കാർ ചില പബ്ളിക് റിലേഷൻ തന്ത്രങ്ങളും മേളകളും വികസന സന്ദേശങ്ങളും ഒക്കെ പയററി പ്രതിച്ഛായ നന്നാക്കാൻ ശ്രമിച്ചു. എന്നിട്ടും ചരിത്രത്തിലെ ഏററവും നാണംകെട്ട തോല്വി സമ്മാനിച്ചാണ് ജനം പ്രതികരിച്ചത്. മുഖ്യമന്ത്രിയുടെ വികസനവാദങ്ങളിൽ അല്പംപോലും ജനങ്ങൾക്ക് വിശ്വാസമില്ലെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. മിടുക്കരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം നിഷേധിച്ച് വിദ്യാഭ്യാസ

മുൾപ്പെടെ സകലമാനതുറകളും കമ്പോള ശക്തികൾക്ക് ജനഹിതം മാനിക്കാതെ തുറന്നു നല്കി. ഫലവത്തായ ഒരു വികസന പദ്ധതിപോലും ചൂണ്ടിക്കാണിക്കാനില്ല. പാളിപ്പോയ 'ജിം' മുതൽ നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കാൻ രൂപപ്പെടുത്തിയ 'സ്മാർട്ട്സിററി'വരെ നീണ്ടു പോകുന്നു ജനവിശ്വാസം നഷ്ടപ്പെട്ട വികസന പദ്ധതികളുടെ ലിസ്ററ്. നിരന്തരം പരാജയങ്ങളേററുവാങ്ങുമ്പോഴും അതിൽ നിന്ന് പാഠങ്ങളുൾക്കൊള്ളാൻ തയ്യാറാകുന്നില്ല എന്നതാണ് വിചിത്രമായ കാര്യം. ഇത്രക്ക് ജനരോക്ഷത്തിന് ഇരയായിട്ടും തങ്ങളുടെ സ്വകീയ ശൈലിയിൽ നിന്നും നയങ്ങളിൽ നിന്നും വ്യതിചലിക്കാൻ ഭരണക്കാർ തയ്യാറാകുന്നില്ല. വിദ്യാഭ്യാസം പോലുള്ള മേഖലകളിലെ മൗലികമായ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിനു പകരം പ്രശ്നങ്ങളെ കൂടുതൽ പ്രശ്നവത്കരിച്ച് വർത്തമാനകാല പ്രതിസന്ധി സൃഷ്ടിച്ച സർക്കാർ സമീപനം തന്നെ ഒരു ഉദാഹരണം.

ഭരണമേല്ക്കുന്ന തദ്ദേശീയ ഭരണ നേതൃത്ത്വങ്ങൾ ജനങ്ങളേല്പിച്ച ഉത്തരവാദിത്ത്വം ജനഹിത ഭരണത്തിലൂടെ നിറവേറേറണ്ടതാണ്. അധികാര വികേന്ദ്രീകരണത്തിന് ജനകീയ അടിത്തറ നല്കി പ്രാദേശിക സ്വയംഭരണത്തിൽ ദിശാബോധം പുലർത്തി കൂടുതൽ വിശ്വാസമാർജ്ജിക്കണം.

# ഓട്ടോണമസ് പ്രഖ്യാപനം പ്രതിസന്ധി സൃഷ്ടിക്കും

ഏതാനും കോളജുകൾക്ക് ഓട്ടോണമി നൽകാനുള്ള താൽകാലിക സിന്റിക്കേററിന്റെ ധൃതിപിടിച്ച നീക്കം ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് പ്രതിസന്ധിക്ക് കാരണമാകും.

ഏകീകൃതസർവകലാശാലാ നിയമം നടപ്പിലാക്കിക്കൊണ്ട് കേരളത്തിൽ വിദ്യാഭ്യാസ കച്ചവടം നടത്താൻ ശ്രമിച്ച് പരാജയപ്പെട്ട സർക്കാർ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നതാണ് താൽകാലിക നോമിനേററഡ് സിന്റിക്കേററ്. രണ്ടുമാസത്തോടെ കാലാവധി കഴിയുന്ന ഇടക്കാല സിന്റിക്കേററ് വളരെ ദൂരവ്യാപകഫലങ്ങൾ ഉളവാക്കുന്നതും വമ്പിച്ച വിമർശനങ്ങൾ ഉയർത്തി വിടുന്നതുമായ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടതായിരുന്നു. സെനററിലേക്കുള്ള തെരഞ്ഞെടുപ്പുകൾ ഏതാണ്ട് പൂർത്തിയായിരിക്കുന്ന ഈ സമയത്ത് പുതിയ ഭരണസമിതികൾ രൂപീകരിച്ച് അവയുടെ പരിഗണനയ്ക്ക് വിടേണ്ട വിഷയമാണിത്. ഇക്കൊല്ലം സർവകലാശാലാ നിയമത്തിൽ ഒരേ ദിവസം കൊണ്ടുവന്ന ഭേദഗതികളാണ് താൽകാലിക സിന്റിക്കേററ് രൂപീകരണവും ആട്ടോണമി നൽകലും എന്നത് ശ്രദ്ധേയമാണ്. അതേ സിന്റിക്കേററിനെ കൊണ്ടു തന്നെ ആട്ടോണമി നൽകൽ ഉദ്ഘാടനം ചെയ്യിക്കാൻ സർക്കാരിന് കഴിഞ്ഞു!

സർവകലാശാലാ നിയമത്തിൽ ഉൾപ്പെടുത്തിയ ഒരു വാചകം കൊണ്ട് കോളജുകൾക്ക് ആട്ടോണമി നൽകാൻ കഴിയില്ല. അക്കാദമിക് ആട്ടോണമി എന്താണെന്നും അത് എങ്ങനെ പ്രാവർത്തികമാക്കാമെന്നും വ്യക്തമാക്കുന്ന സർവകലാശാലാ സ്ററാററ്യൂട്ടുകൾ വിശദമായ ചർച്ചയ്ക്ക് ശേഷം രൂപപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ യാതൊരു ചർച്ചയും നടന്നിട്ടില്ല. സ്ററാററ്യൂട്ടുകളുടെ അഭാവത്തിൽ അക്കാദമിക് ആട്ടോണമി എന്ന പ്രഖ്യാപനം സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുകയേയുള്ളൂ. മാനേജ്മെന്റുകൾക്ക് അഡ്മിഷന്റെയും ഫീസിന്റെയും കാര്യത്തിൽ സ്വാതന്ത്ര്യം ലഭിച്ചാൽ മെരിററിന് പകരം സാമ്പത്തികമാകും പ്രവേശനമാനദണ്ഡം എന്നതിൽ സംശയമില്ല. സാമൂഹികനീതി അപകടപ്പെടുകയും നിലവാരത്തകർച്ചയുണ്ടാവുകയായിരിക്കും ഫലം. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ യോഗം അടിയന്തരമായി വിളിച്ച് ചേർക്കണമെന്ന് എ.കെ.പി.സി.ടി.എ ആവശ്യപ്പെടുന്നു.

## ജനകീയ കൺവെൻഷൻ

### സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസം:

# സുപ്രീംകോടതി വിധിയും കേന്ദ്ര നിയമനിർമ്മാണവും

**2005 ഒക്ടോബർ 1**
**സെമിനാർഹാൾ**
**കേരള സ്റേററ് സയൻസ് ആൻഡ്**
**ടെക്നോളജി മ്യൂസിയം, തിരുവനന്തപുരം**

സംഘടാകർ

ആൾ കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ)
അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളജ് ടീച്ചേഴ്സ് ( എ.കെ.ജി.സി.ടി)
ഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻസ് (എഫ്.യു.ടി.എ)

**എ.കെ.പി.സി.ടി.എ** യുടെയും എ.കെ.ജി.സി.ടി. യുടെയും എഫ്.യു.ടി.എ. യുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച "സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസം സുപ്രീംകോടതി വിധിയും കേന്ദ്രനിയമനിർമ്മാണവും" എന്ന വിഷയത്തെക്കുറിച്ചുള്ള ജനകീയ കൺവൻഷൻ നമ്മുടെ രാജ്യം നേരിടുന്ന ഗൗരവമേറിയ ചില വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്തു. യോഗ്യതയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ശ്രദ്ധയോടെ നടത്തേണ്ട പ്രൊഫഷണൽ സ്ഥാപനങ്ങൾ ഇന്ന് കച്ചവടക്കാരുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുകയാണ്. 1992-ലെ മോഹിനി ജയിൻ കേസിലെ വിധിയും 1993 ലെ ഉണ്ണികൃഷ്ണൻ ജഡ്ജ്മെന്റും 2002-ലെ TMA പൈ വിധിയും 2005-ലെ ഇനാംദാർ വിധിയും നൽകുന്ന പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് ദേശീയതലത്തിൽ ചർച്ചകൾ നടക്കുന്നുണ്ട്. പൗരന്റെ എല്ലാതലത്തിലുള്ള വിദ്യാഭ്യാസവും മൗലികാവകാശത്തിൽപ്പെടുന്നുവെന്ന് മോഹിനി ജയിൻ കേസ് വിധി പ്രഖ്യാപിക്കുന്നുണ്ട്. ജീവിക്കാനുള്ള അവകാശത്തിൽ നിന്നാണ് വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം തുടങ്ങുന്നതെന്ന് ആ വിധി പറയുന്നു. എന്നാൽ ഉണ്ണിക്കൃഷ്ണൻ കേസിൻമേലുള്ള വിധിയിൽ ഈ അവകാശം 14 വയസ്സുവരെയായി നിജപ്പെടുത്തി. വിദ്യാഭ്യാസം മതപരമായ ഒരു കടമയോ ചാരിററബിൾ പ്രവൃത്തിയോ മാത്രമായി ഉണ്ണികൃഷ്ണൻ വിധിയിൽ പ്രസ്താവിക്കുന്നു. തൊഴിൽ പരിശീലനവുമായി ബന്ധമുള്ള മേഖലകളെ വിദ്യാഭ്യാസത്തിന്റെ പരിധിയിൽ നിലനിർത്തുവാൻ ഈ വിധി താല്പ





പ്രൊഫ. നൈനാൻകോശി



ഡോ. ആർ.വി.ജി.മേനോൻ



ഡോ. എൻ.കെ. ജയകുമാർ

ര്യം കാണിക്കുന്നില്ല. TMA പൈ വിധിയിലെത്തുമ്പോൾ ലിബറലൈസേഷന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും തത്വങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ തത്വങ്ങളെ പുനർവ്യാഖ്യാനിക്കുകയാണ് കോടതി ചെയ്യുന്നത്. പ്രാഥമികതലം ഒഴികെയുള്ള പൗരന്റെ വിദ്യാഭ്യാസ അവകാശങ്ങൾ മൗലികാവകാശങ്ങളിൽപ്പെടുന്നില്ലെന്ന്



ഈ വിധി ചൂണ്ടിക്കാണിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തെ ഒരു Private Good ആയാണ് കോടതി പരിഗണിക്കുന്നത്. ആഗോളതലത്തിൽ കുത്തകമുതലാളിത്തത്തിൻെറ താല്പര്യങ്ങൾക്കനുസരിച്ച് ഉയർന്നുവന്ന ചില മുദ്രാവാക്യങ്ങളെയാണ് ഇവിടെ വിധിപ്പകർപ്പുകളായി ഉദ്ധരിച്ചിരിക്കുന്നത്. 2005 ലെ ഇനാംദാർ കേസ് വിധി TMA പൈ കേസിലെ ചില അവ്യക്തതകളെ വിദ്യാഭ്യാസ സ്വകാര്യവൽക്കരണത്തിനനുകൂലമായി സുവ്യക്തമായി വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. മെറിററിൻെറ ആദർശമായി കൊണ്ടുനടക്കാമെങ്കിലും അതിന്റെ പേരിൽ പണം മുടക്കാൻ സ്റേററിന് ഉത്തരവാദിത്വമില്ലെന്ന് ഈ വിധി വ്യക്തമാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്വാട്ട നിശ്ചയിക്കുന്നതിൽ പ്രാർത്ഥനാപൂർവ്വമായ നിർദ്ദേശങ്ങളല്ലാതെ സ്റേററിന് ഒരുവിധത്തിലുമുള്ള അധികാരവുമില്ലെന്ന് ഈ വിധി കണ്ടെത്തുന്നു. ദാരിദ്ര്യത്തിന്റെ പേരിൽ പ്രൊഫഷണൽ വിദ്യാഭ്യാസം ആർക്കും നിഷേധിക്കുന്ന സാഹചര്യം ഉണ്ടാവില്ല എന്ന യു.പി.എ സർക്കാരിന്റെ വാഗ്ദാനം ഇതോടെ ചീട്ടുകൊട്ടാരം പോലെ തകർന്നുവീഴുകയാണ്. ഈ വാഗ്ദാനം സഫലമാക്കുവാനുള്ള നിയമനിർമ്മാണത്തിന്റെ വഴികൾ അന്വേഷിക്കുകയാണ് നമ്മുടെ കർത്തവ്യം.

ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന നിയമനിർമ്മാണ ചർച്ചയിൽ മുഖ്യ പങ്കു വഹിക്കേണ്ടവരാണ് എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി. എഫ്.യു.ടി.എയെന്ന് കൺവൻഷൻ ഉദ്ഘാടനം ചെയ്ത പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ പ്രസ്താവിച്ചു. കഴിഞ്ഞ പതിനഞ്ച് വർഷത്തെ



സി. ഉസ്മാൻ



ആർ. രാമചന്ദ്രൻ



ടി. വി. രാജേഷ്

വിധികൾ പരിശോധിച്ചാൽ കോടതികളുടെ വർദ്ധിച്ചുവരുന്ന സാമ്രാജ്യത്വ താല്പര്യങ്ങൾ മസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. വിജ്ഞാനത്തിന്റെ കുത്തകവൽക്കരണത്തിന് സഹായംനൽകുന്ന വിധത്തിൽ വിധികൾ കോടതികൾക്ക് അധികാരം നൽകി എന്ന ചോദ്യം ഉറക്കെ ചോദിക്കേണ്ടതാണെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ ഗവൺമെന്റ് പറയുന്നതായിരുന്നു നിയമം. ജനങ്ങൾക്ക് അതിൽ അഭിപ്രായം പറയുവാൻ അനുവാദം ഉണ്ടായിരുന്നില്ല. രാജാക്കന്മാരുടെ കാലത്ത് രാജഹിതത്തിനെതിരെയും പ്രവർത്തിക്കുവാൻ കഴിയുമായിരുന്നില്ല. ആധുനിക ജനാധിപത്യം പുലരുന്ന ഇന്നും ഈ മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ചില ഗവൺമെന്റ് പരിശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എന്ത് വിലകൊടുത്തും ഇതിനെതിരെയുള്ള ചെറുത്തുനിൽപ്പ് ശക്തിപ്പെടുത്തിയേ തീരൂ. കേന്ദ്രഗവൺമെന്റിന്റെ മാനവവികസന വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് ബില്ല് പാവപ്പെട്ടവർക്ക് ആശ്വാസം പകരുന്നതോ യു.പി.എ സർക്കാരിന്റെ വാഗ്ദാനങ്ങൾ സഫലമാക്കുന്നതോ അല്ല. ഈ നാട്ടിലെ സംഘടിത പ്രസ്ഥാനങ്ങൾ ഇതപര്യന്തം നടത്തിയിട്ടുള്ള പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സൗകര്യങ്ങളെ അട്ടിമറിക്കുന്ന വ്യവസ്ഥകളാണ് ഇതിലുള്ളത്. ഈ ബില്ല് ഇതേ രീതിയിൽ നടപ്പിലാക്കുകയാണെങ്കിൽ TMA പൈ വിധിയിലും ഇസ്ലാമിക് അക്കാദമി വിധിയിലും നൽകിയിരിക്കുന്ന അധികാരങ്ങളേക്കാൾ കൂടുതൽ അധികാരം പ്രൈവററ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനാൽ ഈ





എ. പ്രതാപചന്ദ്രൻനായർ



ഡോ. ജെ. പ്രസാദ്



ഡോ. എ. ആർ. രാജൻ

കരട് ബില്ല് സമൂലമായി മാററി എഴുതി എല്ലാപേർക്കും നീതി ലഭിക്കുന്ന തരത്തിൽ അടിയന്തിരമായി നിയമനിർമ്മാണമുണ്ടാക്കേണ്ട ചുമതല യു.പി.എ സർക്കാരിനുണ്ട്. അതിന് ദേശീയതലത്തിൽ പ്രക്ഷോഭ സമരങ്ങൾ വേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്ന AKPCTA സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് കേന്ദ്ര നിയമനിർമ്മാണത്തിന് സഹായകമായ സംഘടനകളുടെ അഭിപ്രായങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന പ്രതികരണങ്ങളിൽ കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊഫ. നൈനാൻ കോശി ഡോ. ആർ.വി.ജി. മേനോൻ, കേരള സർവ്വകലാശാലാ നിയമവിഭാഗം പ്രൊഫസർ ഡോ. എൻ. കെ.ജയകുമാർ. കെ.എസ്.ടി.എ. സെക്രട്ടറി ശ്രീ. സി. ഉസ്മാൻ കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി എംപ്ളോയീസ് ഓർഗനൈസേഷൻസ് ജനറൽ സെക്രട്ടറി ശ്രീ. ആർ. രാമചന്ദ്രൻ എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി ശ്രീ. ടി.വി.രാജേഷ് എന്നിവർ പങ്കെടുത്തു. ന്യൂനപക്ഷ അവകാശങ്ങളുടെ പേരിൽ സർക്കാർ വോട്ട് ബാങ്കായി മുന്നിൽ കണ്ട് വിദ്യാഭ്യാസ മേഖലയിൽ അസമത്വവും സ്വകാര്യവൽക്കരണവും പ്രോത്സാഹിപ്പിക്കുകയാണെന്ന് പ്രൊഫ. നൈനാൻ കോശി പ്രസ്താവിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല മൊത്തം വിദ്യാഭ്യാസത്തിന്റെ ഒരു ചെറുമേഖല മാത്രമാണെന്നും മൊത്തം വിദ്യാഭ്യാസം വലിയ അപകടത്തിലേക്ക് കൂപ്പുകുത്തുകയാണെന്ന് ഡോ. ആർ.വി.ജി.മേനോൻ പറഞ്ഞു. പുതിയനിയമനിർമ്മാണങ്ങൾ ഉണ്ടാകുമ്പോൾ അതിനെ ഭരണഘടനയുടെ ൯-ാം പട്ടികയിൽ ഉൾപ്പെടുത്തുന്ന തരത്തിലായിരിക്കണമെന്ന് ഡോ. ജയകുമാർ പറഞ്ഞു. ആഗോളതലത്തിൽ ചില ഏജൻസികൾ ഉയർത്തുന്ന അഭിപ്രായ പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ കോടതി നിയമങ്ങളെ വ്യാഖ്യാനിക്കുന്ന പ്രവണതകൾ ഇപ്പോഴും നിലവിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന കടന്നുകയററങ്ങൾക്കെതിരെ എസ്.എഫ്.ഐ. നിരന്തരമായ സമരപോരാട്ടങ്ങളിലാണെന്ന് ശ്രീ. ടി.വി.രാജേഷ് പറഞ്ഞു. കൊടിയമർദ്ദനങ്ങൾ സഹിച്ച്കൊണ്ടുള്ള ഇത്തരം പോരാട്ടങ്ങളാണ് വിദ്യാഭ്യാസമേഖലയിലെ സ്വകാര്യവൽക്കരണത്തെ ഒരു പരിധിവരെ തടഞ്ഞുനിറുത്തിയിരിക്കുന്നത്. വിപുലമായ ആശയപ്രചരണത്തിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും,ഈ വിപത്തിനെ നേരിടുവാൻ നമുക്ക് കഴിയണമെന്ന് ശ്രീ രാജേഷ് പറഞ്ഞു.

കൺവൻഷൻ സമാപനം കുറിച്ചുകൊണ്ടുള്ള സമ്മേളനം പ്രതിപക്ഷനേതാവ് സ.കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സാമൂഹ്യനിയന്ത്രണങ്ങളോടെ ആരംഭിച്ച സ്വാശ്രയകോളജുകളെ സ്വകാര്യസംരംഭകർക്കു വേണ്ടി തുറന്നുകൊടുത്തത് ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാരാണെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് സ്വകാര്യ സ്വാശ്രയകോളജുകൾ സമം ഒരു ഗവൺമെൻറ് കോളജ് എന്ന മുദ്രാവാക്യമാണ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ. കെ. ആന്റണി മുന്നോട്ടുവച്ചത്. എന്നാൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ പോരുന്ന നിയമനിർമ്മാണം നടത്തുവാൻ ശ്രീ. എ. കെ. ആന്റണി തയ്യാറായില്ല. ഇതിന്റെ ഫലമായി പാവങ്ങളെ പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ നിന്ന് അകററിനിർത്തുവാനും സാമൂഹ്യനീതി ഉറപ്പാക്കിയിരുന്ന നിയമങ്ങളെ ഇല്ലാതാക്കാനും മാത്രമാണ് ഈ പ്രക്രിയ സഹായിച്ചത് അദ്ദേഹം പറഞ്ഞു.

തയ്യാറാക്കിയത്: പ്രൊഫ. ബി. ഭുവനേന്ദ്രൻ
എസ്. എൻ. കോളജ്, വർക്കല

## PRIVATE PROFESSIONAL EDUCATION:

# FORMULA FOR A MODEL CENTRAL LEGISLATION

The All Kerala Private College Teachers' Association (AKPCTA),Association of Kerala Government College Teachers (AKGCT) and Federation of University Teachers' Associations (FUTA) jointly organized a People's Convention on the theme "Private Professional Education: Supreme Court Judgment and Central Legislation" at Tiruvananthapuram on the 1st of October ,2005 . The programme was held against the background of the recent Supreme Court Judgment on private professional education and the impending central legislation on the subject.

Given below is a ten point formula for a model central legislation formulated at the convention. The consensus of the convention is that the issues involved are too complex to be resolved through a straight jacket central regulation equally applicable to all states. The convention recommends that the Central Government need not enact a comprehensive legislation applicable to the entire country .On the other hand ,the Parliament can enact an *umbrella legislation* enabling the states to regulate admission, fee, curriculum and infrastructure to ensure greater access, equity and excellence in private professional education. The central legislation could provide the general guidelines and the states could decide on the details. The central legislation should incorporate the following principles:

1. Admission should be made on the basis of merit from the rank list prepared by the agency of the state by giving equal weightage to the marks received in the Common Entrance Test (CET) conducted by the state and the marks received in the qualifying examination. Reservation should continue as per norms existing at present in each state.
2. A system of differential fee has to be introduced purely on the basis of the parent's financial status. At least 50% of the admitted students should be able to study by paying fees at rates prevailing in Government institutions in the state. The criteria for assessing financial capacity of the parent could be evolved at the state level. There should be a centralized arrangement for the collection of fees and its distribution to different institutions by an agency of the state on the basis of the number of students admitted in each institution.
3. Recurring expenditure alone should be collected from students in the form of fees. A committee as envisaged in the Islamic Academy judgment should be entrusted with the task of fixing the average of the recurring institutional expenditure for each state which could also take care of the revenue lost through differential fees. Fee thus fixed could be revised after three years. The system of fixing different fee for different institutions as proposed by seven bench judgment should not be implemented.

4. A corpus fund should be raised by the Central Government from which students should be able to borrow long-term educational loans at zero/minimal rates of interest.
5. Higher Education should be defined a "merit good" setting at rest all speculations about education beyond a certain stage as "non-merit good". The right to education should be given precedence over the right to establish educational institutions. The legislation should guarantee the right to higher education, on condition that the right will be subject to the requirements of scholastic merit and aptitude.
6. Central agencies like the UGC, AICTE, IMA and the Universities concerned should be made responsible for ensuring excellence in education. Affiliation should be given only on the basis of an assessment of the professional requirements of the nation/state in each field of study and only after the institution concerned satisfies all conditions regarding infrastructure facilities and other academic norms. Universities should fix the minimum qualification for teachers and ensure their selection on the basis of merit and payment of salary as per norms prevailing for similar placements in Government service in the state concerned. Universities should also have the power and obligation for proper monitoring of the working of the institutions and take corrective /punitive action wherever required.
7. The central legislation should provide for determination of minority status state-wise as mandated by the Supreme Court in TMA Pai Judgment and incorporate a provision for reservation of a certain percentage of seats for students belonging to the minority community which runs the institution .The minority quota should be fixed by the state government taking into account the demographic pattern and social and economic status of the minority community in question in each state. However individual minority institutions should have the freedom to admit a lesser quota of minority students than fixed by the state without surrendering their minority rights. Admission should be made through centralized counselling on the basis of inter se merit from among minority students in the common merit list prepared by the state.
8. The central law should be applicable to all self-financing institutions, whether universities or colleges, private or public institutions, minority or non-minority institutions and Indian universities collaborating with foreign institutions. Operations under the GATS regime should be strictly forbidden.
9. The central legislation should come into effect at least by the end of December this year so that complementary legislations could be made at the state level before the beginning of the next academic year.
10. Adequate provision must be made to protect the legislation from judicial scrutiny.

It is requested that the above principles be incorporated into the proposed central legislation on private professional education.

Tiruvananthapuram
10-10-2005

**A Prathapachandran Nair**
(General Secretary, AKPCTA)

**Dr.J.Prasad**
(General Secretary, AKGCT)

**Dr. A.R. Rajan**
General Secretary, FUTA)

# ആഗോളവൽക്കരണവും വിദ്യാഭ്യാസവും

പ്രൊഫ. നൈനാൻ കോശി
ചെയർമാൻ, കേരള വിദ്യാഭ്യാസസമിതി

ആഗോളവൽക്കരണത്തിന് വിദ്യാഭ്യാസത്തിലുള്ള സ്വാധീനത്തെപ്പററിയും പ്രത്യാഘാതങ്ങളെപ്പററിയും നാം പറഞ്ഞുതുടങ്ങിയ കാലത്തിനുശേഷം ആഗോളവൽക്കരണം പല പടികൾ മുന്നോട്ടുപോയിക്കഴിഞ്ഞു. ഇപ്പോൾ പറയേണ്ടത് വിദ്യാഭ്യാസരംഗത്തെ അധിനിവേശത്തെപ്പററിയാണ്.

ആഗോളവൽക്കരണമെന്നത് ഒട്ടനവധി പ്രതിമാനങ്ങളുള്ള ഒരു പ്രതിഭാസമാണ്. ഇതിന്റെ ഭവിഷ്യത്തുകൾ സങ്കീർണവുമാണ്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവും ഇപ്പോൾ സൈനികവുമായ മേഖലകളിൽ ആഗോളവൽക്കരണം പ്രത്യാഘാതങ്ങളുണ്ടാക്കുന്നു; അധിനിവേശം നടത്തുന്നു.

ഈ അധിനിവേശം ഏററവും അധികം പ്രകടമായ മേഖലകളിലൊന്ന് സാംസ്കാരികമാണ്. ഏററവും വലിയ സാംസ്കാരിക പ്രവർത്തനമെന്നതുകൊണ്ടുതന്നെ വിദ്യാഭ്യാസം അധിനിവേശത്തിന്റെ ഏററവും പ്രധാന രംഗമായിത്തീരുന്നു.

ആധുനിക സംവേദന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പ്രധാനമായും സാംസ്കാരിക അധിനിവേശം നടത്തുന്നത്. ഇതിനായി വിവരസാങ്കേതിക വിദ്യ (ഇൻഫർമേഷൻ ടെക്നോളജി) സമർത്ഥമായി ഉപയോഗിക്കപ്പെടുന്നു. ഇൻഫർമേഷൻ ടെക്നോളജി ഒരുപക്ഷരഹിത വികാസമല്ല; അധിനിവേശത്തിനുള്ള ഉപകരണമാക്കിത്തീർക്കുന്നു. കിസിംജർ അസോഷ്യേററ്സിന്റെ ഡയറക്ടറായ ഡേവിഡ് റാത്ത്കോപ്പ് 1997 സെപ്തംബറിലെ 'ഫോറിൻ പോളിസി' എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയ ഒരു ലേഖനത്തിന്റെ തലക്കെട്ട്, സാം 'സ്കാരിക സാമ്രാജ്യത്വത്തിന് പ്രശംസ' (In Praise of Cultural Imperialism) എന്നായിരുന്നു. അതിൽ അദ്ദേഹം എഴുതി, " ഒരു കാലത്ത് സമുദ്രത്തിലെ തരംഗങ്ങളുടെ മേൽ ബ്രിട്ടൺ എങ്ങനെ മേൽകോയ്മ പുലർത്തിയോ അതുപോലെ ഇനിയും വ്യോമതരംഗങ്ങളുടെ മേൽ അമേരിക്ക ആധിപത്യം പുലർത്തും. ഇത് അമേരിക്കയുടെ വിദേശനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്." ഇൻഫർമേഷൻ ടെക്നോളജിയെപ്പററി പറയുമ്പോഴൊക്കെ ഈ പ്രസ്താവന നാം അനുസ്മരിക്കണം; വിജ്ഞാനസമ്പദ്ക്രമത്തിൽ ഐടിക്കുള്ള പ്രാധാന്യം പരിഗണിക്കുമ്പോൾ.

സംവേദന രംഗത്തെപ്പററി എടുത്തുപറയാൻ കാരണം ഈ ആധിപത്യം പുലർത്താനുള്ള പദ്ധതിയും ശ്രമവും വിദ്യാഭ്യാസത്തെ വളരെയേറെ സ്വാധീനിക്കുമെന്നതാണ്. ഇന്ന് സ്കൂൾതലത്തിൽ അധ്യാപകരോ ഉന്നതവിദ്യാഭ്യാസതലത്തിൽ പ്രൊഫസർമാരോ സ്വാധീനിക്കുന്നതിനേക്കാൾ കൂടുതൽ സംവേദനരംഗത്തെ പൊതുവായ നീക്കങ്ങളും പുതിയ സരണികളും വിദ്യാഭ്യാസത്തെ സ്വാധീനിക്കും.

മൂന്നുതലങ്ങളിലാണ് സംവേദനത്തിൽ കൂടെയുള്ള ഈ അധിനിവേശം സുഗമമാക്കുന്നത്. ഒന്ന്, മാധ്യമങ്ങളിൽ കൂടി; രണ്ട്, വിനോദ വ്യവസായത്തിൽ കൂടി; മൂന്ന് പരസ്യങ്ങളിൽ കൂടി. സാമ്രാജ്യത്വ ആശയങ്ങളുടെ പ്രചാരണം മാത്രമല്ല, ബഹുരാഷ്ട്ര കോർ

**രാഷ്ട്രത്തെ രാഷ്ട്രമാക്കുന്നത് ക്ഷേമരംഗത്തുള്ള പ്രവർത്തനവും സാമൂഹ്യനീതിയുമാണെന്നുള്ള ധാരണ ആഗോളവൽക്കരണം മാററി. ക്ഷേമരാഷ്ട്ര സങ്കൽപം തകരുമ്പോൾ സ്റേററ് നിയമവും ക്രമവും – (Law and Order) നടപ്പാക്കുന്ന സ്റേററ് ആയിത്തീരുന്നു. ആഗോളവൽക്കരണത്തിൽ പൊതുവെന്നൊന്നില്ല; എല്ലാം വ്യക്തിഗതമാണ്.**

പറേഷനുകളുടെയും സൈനിക വ്യവസായ താൽപര്യങ്ങളുടെയും സംരക്ഷണവും പ്രോൽസാഹനവും ഈ മൂന്നുനിലകളിൽ നടക്കുന്നുണ്ട്. ഈ മൂന്നുതരത്തിലുള്ള സംവേദനത്തിനുമേൽ ആധിപത്യം പുലർത്തിക്കൊണ്ടുള്ള അധിനിവേശം വിദ്യാഭ്യാസരംഗത്തെ വളരെയേറെ സ്വാധീനിക്കും.

പ്രമുഖ സ്പാനിഷ് സാമൂഹ്യശാസ്ത്രജ്ഞനായ മാനുവൽ കാസ്ററലീസിന്റെ അഭിപ്രായത്തിൽ ആഗോളവൽക്കരണം ഏററവും അധികം സ്വാധീനിക്കുന്ന രംഗം വിദ്യാഭ്യാസമാണ്. വ്യാവസായികരംഗത്തെപ്പോലും ഇത്രയധികം സ്വാധീനിക്കുന്നില്ല. വ്യവസായത്തിന്റെ ലക്ഷ്യത്തെ മാററുന്നില്ല; അതിന്റെ ഉൽപാദനക്ഷമതയും ബഹുരാഷ്ട്രസ്വഭാവവും വർധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെന്നതുപോലെ മൗലികമായ വ്യതിയാനങ്ങൾ വരുത്തുന്നില്ല. കഴിഞ്ഞ ഒന്നര നൂററാണ്ടുകാലത്തുണ്ടായിട്ടുള്ളതിൽ ഏററവും വലിയ വെല്ലുവിളിയാണ് ആഗോളവൽക്കരണത്തിൽ നിന്ന് സർവകലാശാല ഇന്നു നേരിടുന്നതെന്ന് കാസ്ററലിസ് പ്രസ്താവിക്കുന്നു.

ആഗോളവൽക്കരണം വിദ്യാഭ്യാസത്തെ വ്യതിയാനപ്പെടുത്തുകയും ആശാസ്യമല്ലാത്ത രീതിയിൽ പരിവർത്തനംചെയ്യുകയും സാധ്യമാക്കുന്നതും പ്രധാനമായും മൂന്നുതരത്തിലാണ്.

ഒന്നാമതായി, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെയും സ്വഭാവത്തെയും ആഗോളവൽക്കരണം മാററുന്നു. വിദ്യാഭ്യാസത്തെപ്പററി നമുക്കുണ്ടായിരുന്ന സങ്കൽപങ്ങൾ, ധാരണകൾ, സമവായം, സമവാക്യം എന്നിവയെല്ലാം മാററപ്പെടുന്നു. സമവാക്യത്തെപ്പററി ലളിതമായി പറഞ്ഞാൽ, വിദ്യാഭ്യാസം – സമൂഹം – രാഷ്ട്രം എന്നതാണ്. ഈ സമവാക്യത്തിന്റെ അർത്ഥം വിദ്യാഭ്യാസത്തിന്റെ പൊതുവായ ചുമതല രാഷ്ട്രത്തിന്റേതാണ്. രാഷ്ട്രം എന്ന വ്യവസ്ഥിതിയുടെ പ്രധാന കടമകളിലൊന്നാണ് വിദ്യാഭ്യാസം . ഈ വിദ്യാഭ്യാസം സമൂഹത്തിനു വേണ്ടിയാണ്. അപ്പോൾ വിദ്യാർത്ഥിയുടെ വ്യക്തിപരമായ വികാസത്തോടൊപ്പം, വിദ്യാഭ്യാസമെന്ന സാംസ്കാരിക പ്രക്രിയയുടെ പ്രയോജനം ലഭിക്കേണ്ടത് സമൂഹത്തിനു മുഴുവൻ കൂടിയാണ്. വ്യക്തിപരമായി മാത്രമല്ല, അതോടൊപ്പം സമൂഹത്തിനാണ് പ്രയോജനം. വിദ്യാഭ്യാസം ഒരു പൊതുനന്മയാണ്.

വിദ്യാഭ്യാസം, സമൂഹം, രാഷ്ട്രം എന്ന സമവാക്യം ഇന്നു മാററപ്പെട്ടിരിക്കുന്നു. ഇതിനു കാരണം ആഗോളവൽക്കരണം രാഷ്ട്രത്തെപ്പററിയുള്ള സങ്കൽപം മാററുന്നുവെന്നതാണ്. അയ്ജാസ് അഹമ്മദിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ നിയോഗം മാറിയിരിക്കുന്നു. ആഗോളധനകാര്യസ്ഥാപനങ്ങൾക്കൊക്കെ രാഷ്ട്രത്തിന്റെ ചുമതലകളെപ്പററിയുള്ള പുതിയ ധാരണകളുണ്ട്. അവയെ പ്രചരിപ്പിക്കുകയും ധനസഹായത്തിലൂടെ രാഷ്ട്രങ്ങളെക്കൊണ്ട് ഈ പുതിയ ധാരണകളെ അംഗീകരിപ്പിക്കുകയും ചെയ്യാം.

കേരളസർക്കാരിന് കടവായ്പ നൽകുന്ന എ ഡി ബിക്ക് സ്റേററിന്റെ ചുമതലകളെപ്പററി ഔദ്യോഗികമായ നിലപാടുണ്ട്. അവരുടെ വെബ്സൈററിൽ നിന്ന് ഇത് മനസ്സിലാക്കാം. സ്റേററിന് മൂന്നുകടമകളുണ്ടെന്ന് എ ഡി ബി നിർദ്ദേശിക്കുന്നു. ഒന്ന്, നിയമങ്ങളും ചട്ടങ്ങളും നിർമിക്കുക; രണ്ട്, സ്വകാര്യ നിക്ഷേപത്തിന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുക; മൂന്ന്, ചില അത്യാവശ്യസേവനങ്ങൾ നിർവഹിക്കുക. ഈ അത്യാവശ്യ സേവനങ്ങളിൽ എന്തെല്ലാമുൾപ്പെടുമെന്ന് വ്യക്തമല്ല. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ക്ഷേമരംഗങ്ങളിൽ പല സേവനങ്ങളും വെട്ടിക്കുറക്കാൻ സ്റേററുകളെ നിർബന്ധിക്കുന്നതാണ് എ ഡി ബി യുടെ വ്യവസ്ഥകൾ.

രാഷ്ട്രത്തെ രാഷ്ട്രമാക്കുന്നത് ക്ഷേമരംഗത്തുള്ള പ്രവർത്തനവും സാമൂഹ്യനീതിയുമാണെന്നുള്ള ധാരണ ആഗോളവൽക്കരണം മാററി. ക്ഷേമരാഷ്ട്ര സങ്കൽപം തകരുമ്പോൾ സ്റേററ് നിയമവും ക്രമവും – (Law and Order) നടപ്പാക്കുന്ന സ്റേററ് ആയിത്തീരുന്നു. ആഗോളവൽക്കരണത്തിൽ പൊതുവെന്നൊന്നില്ല; എല്ലാം വ്യക്തിഗതമാണ്.

അതോടെ വിദ്യാഭ്യാസത്തെപ്പററിയുള്ള സമവാക്യവും മാറി. പുതിയ സമവാക്യം 'വിദ്യാർഥി, വിപണി, രാഷ്ട്രം' എന്നാണ്. വിപണിക്കുവേണ്ടി വിദ്യാർഥിക്കു പരിശീലനം നൽകുക; അത്തരമൊരു വിപ

ണിയുടെ സുഗമമായ പ്രവർത്തനത്തിന് രാഷ്ട്രം കൂട്ടുനിൽക്കുന്നു. രാഷ്ട്രത്തിന്റെ ചുമതല വിപണിക്കനുകൂലമായ സാഹചര്യമുണ്ടാക്കുകയാണ്. രണ്ടാമതായി, വിദ്യാഭ്യാസത്തെ ഒരു വ്യാപാരവസ്തുവാക്കുന്നു. ലോകവ്യാപാരസംഘടനയുടെ അജണ്ടയനുസരിച്ച് സേവനങ്ങളിലുള്ള വ്യാപാരത്തിലാണ് വിദ്യാഭ്യാസം. 'വിദ്യാഭ്യാസ സേവന'ത്തിൽ കോർപറേറ്റ് മൂലധനത്തിന്റെ പ്രവേശനത്തിന് വഴിയൊരുക്കുന്നതാണ് 'ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ഇൻ സർവീസസ്' (ഗാട്ട്സ്). വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സേവനങ്ങളിൽ വ്യാപാരത്തിന്റെ വർധമാനമായ ഉദാരവൽക്കരണത്തെ കെട്ടഴിച്ചുവിടുകയാണ് ഉദ്ദേശമെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. ജി എൽ പി (Globalisation, Leberalisation, Privatisation) യുടെ പുതിയ സ്ഥിതിവിശേഷത്തിൽ വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കപ്പെടുകയും സ്വകാര്യവൽക്കരിക്കപ്പെടുകയും മൂലധനവൽക്കരിക്കപ്പെടുകയും (Commercialised, Privatized, Capitalised) ചെയ്യുന്നു. വിദ്യാഭ്യാസം ഒരു ബിസിനസാകുന്നു.

ഗാട്സിന്റെ കാര്യത്തിൽ ഇന്ത്യാഗവർമെണ്ട് വ്യക്തമായ തീരുമാനങ്ങളെടുത്തിട്ടില്ലെങ്കിലും, അതിന്റെ ആശയങ്ങളുമായി യോജിക്കുന്നുവെന്നുമാത്രമല്ല, അതിന്റെ വ്യവസ്ഥകൾ നടപ്പാക്കാൻ ബാധ്യസ്ഥവുമാണ്. ജനറൽ എഗ്രിമെന്റ്' എന്നു പറഞ്ഞാൽ ഡബ്ളിയൂ ടി ഒ ഉണ്ടാക്കുന്ന വ്യവസ്ഥകൾ നടപ്പാക്കാനുള്ള നിയമപരമായ ബാധ്യത സർക്കാരിനുണ്ട് എന്നതുതന്നെ. ഡബ്ളിയൂ ടി ഒ വ്യവസ്ഥകളെ യു എൻ സംവിധാനത്തിലെ അന്താരാഷ്ട്ര ഉടമ്പടികളിലെ വ്യവസ്ഥകൾപോലെ സർക്കാരുകൾക്കു ലംഘിക്കാവുന്നതല്ല. ലംഘിക്കുന്ന രാഷ്ട്രങ്ങൾ ശിക്ഷിക്കപ്പെടും.

ഇതിനെ നവലിബറൽ ഭരണഘടനാവ്യവസ്ഥ (constitutionalism of the neoleberal) എന്നു വിശേഷിപ്പിക്കപ്പെടുന്നു. ലോകസമ്പദ്ക്രമങ്ങളുടെ ഒരു ഭരണഘടനയുണ്ടാക്കുകയാണ് ഡബ്ളിയൂ ടി ഒ ചെയ്യുന്നതെന്ന് അതിന്റെ മേധാവികൾ അവകാശപ്പെടുന്നു. ഈ ഭരണഘടനാവ്യവസ്ഥിതി ദേശീയ ഭരണഘടനകൾക്ക് ഉപരിയാണെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

'സേവനങ്ങളിലുള്ള വ്യാപാരം' എന്ന പദപ്രയോഗം സേവനത്തിന്റെയും വ്യാപാരത്തിന്റെയും അർഥം മാററുന്നതാണ്. സേവനമെന്നത് സേവിക്കുക' എന്നതിൽ നിന്നാണ്. ഇതു കരാറിന്റെ ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ളതല്ല. പ്രത്യുത സാമൂഹ്യ, സാംസ്കാരികബന്ധങ്ങളെപ്പററിയാണ്. വ്യക്തിപരബന്ധങ്ങൾ ഉൾപ്പെടെ, വിദ്യാഭ്യാസം ഇതുവരെ അങ്ങനെയായിരുന്നെങ്കിൽ വ്യാപാരമാകുന്നതോടെ അങ്ങനെയല്ലാതായിത്തീരുന്നു.

വ്യാപാരത്തെപ്പററി ഡബ്ളിയൂ ടി ഒ ക്കുള്ള സങ്കൽപം അത് വികസനത്തിനുള്ള മാർഗമെന്നല്ല, വ്യാപാരമാണ് വികസനത്തെ നിർണയിക്കേണ്ടതെന്നാണ്. വികസനമെന്നത് വ്യാപാരമായിത്തീരുന്നു.

ഇതുപറയാൻ കാരണം 'സേവനങ്ങളിലുള്ള വ്യാപാര'ത്തിൽ വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തുമ്പോൾ, പുതിയ ഒട്ടനവധി വിവക്ഷകൾ ഉണ്ടാകുന്നുവെന്നതാണ്.

മൂന്നാമതായി പരിഗണിക്കേണ്ടത് അക്കാദമിക് തലത്തിലുണ്ടാക്കുന്ന വ്യതിയാനങ്ങളാണ്; പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ. പ്രധാനമായും കോഴ്സുകളുടെ പുനസംവിധാനത്തിലൂടെയാണ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അവയുടെ യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നുമാററി, ബഹുരാഷ്ട്ര കോർപറേഷനുകളുടെ ട്രെയിനിംഗ് ഡിവിഷനുകളാക്കുന്നത്.

പുനഃസംവിധാനത്തിൽ സാങ്കേതികവിദ്യക്കും പ്രയോഗത്തിനും നൽകുന്ന അമിത പ്രാധാന്യം – അല്ലെങ്കിൽ അവയ്ക്കു മാത്രം പ്രാധാന്യം നൽകുന്നത് – അടിസ്ഥാന ശാസ്ത്രങ്ങൾ, ഗണിതശാസ്ത്രം, ചരിത്രം, സാമൂഹ്യശാസ്ത്രം എന്നിവയുടെ അവഗണനയ്ക്കു കാരണമാകുന്നു. എൽ ഡി എഫ് ഭരണകാലത്തെ ഒരു മന്ത്രിയുടെ ഭാഷയിൽ ഇതൊക്കെ പരമ്പരാഗത കോഴ്സുകളാണ്; വേണമെങ്കിൽ മാററി നിർത്താം. ശാസ്ത്രസാങ്കേതിക പുരോഗതിക്ക് അടിസ്ഥാനമായിരിക്കേണ്ട അടിസ്ഥാന ശാസ്ത്രങ്ങളും ഗണിതശാസ്ത്രവും പ്രോൽസാഹിപ്പിക്കപ്പെടണം. ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് ആവശ്യമുള്ള സാമൂഹ്യശാസ്ത്രങ്ങളെ അവഗണിക്കുന്നത് അനുവദിക്കാൻ പാടില്ല.

ടെക്നോളജിക്ക് പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജിക്കാണ് പരമപ്രാധാന്യം. ഇത് ആവശ്യമില്ലെന്നല്ല. രണ്ടു കാര്യങ്ങൾ ഓർക്കണം. ഒന്ന്, നേരത്തെ സൂചിപ്പിച്ച, റാത്ത്ക്കോഫ് പറഞ്ഞ കാര്യങ്ങൾ, രണ്ട്, ഐ ടി ഒരു വിജ്ഞാനമേഖലയല്ല, ഒരു ഉപകരണമാണ് എന്നുള്ള വസ്തുത.

ഇന്ത്യയിലെ ഏററവുമധികം എഞ്ചിനീയർമാർ ഇപ്പോൾ ഐ ടിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നു. അവരിൽ പതിനായിരക്കണക്കിന് ആളുകൾ അമേരിക്കയിൽ പോകുന്നു. എന്റെ പക്കം സ്ഥിതിവിവരക്കണക്കുകളില്ല; പക്ഷെ അമേരിക്കയിൽ പണിയെടുക്കുന്ന ഇന്ത്യൻ സോഫ്ട്വെയർ എഞ്ചിനീയർമാരിൽ ഒരു വലിയ വിഭാഗം പ്രത്യക്ഷമായോ പരോക്ഷമായോ ആയുധ വ്യവസായവുമായി ബന്ധപ്പെട്ടി

രിക്കുന്നുവെന്ന് അനുമാനിക്കാം. കാരണം അവിടത്തെ ഏററവും വലിയ വ്യവസായം ആയുധനിർമാണം തന്നെ. സിവിലിയൻ രംഗത്തുള്ള പ്രശസ്തമായ കോർപറേഷനുകളെല്ലാം ആയുധ നിർമാണ രംഗത്തു മുൻപന്തിയിലാണ്; ബോയിങ്ങും മാക്ഡൊണാൾഡ് ഡഗ്ലസും ജനറൽ എലക്ട്രിക്കുമെല്ലാം. ഇവയെയൊക്കെ സഹായിക്കുകയാണോ നമ്മുടെ ഐ ടി പരിശീലനത്തിന്റെ ലക്ഷ്യം എന്ന ചോദ്യം പ്രസക്തമാണ്.

ഇന്ത്യൻ പ്രസിഡണ്ട് അബ്ദുൽകലാം ഈയിടെ കേരളത്തിൽ വന്നപ്പോൾ അദ്ദേഹം അവതരിപ്പിച്ച വികസനപരിപാടിയിലും ഏററവും പ്രാധാന്യം നൽകിയത് ഐ ടിക്കാണ്. രണ്ടാംതരം സാങ്കേതികവിദ്യയുടെ അഖിലലോക പ്രമുഖരിൽ ഒരാളാണ് അബ്ദുൽ കലാം. അണുബോംബുണ്ടാക്കുന്നത് രണ്ടാം തരം സാങ്കേതികവിദ്യയാണ്. വികസനത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും സാങ്കേതിക പരിഹാരമുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു. രാഷ്ട്രീയ പ്രക്രിയകളും ജനങ്ങളും ഒന്നും പരിഗണനാവിഷയങ്ങളല്ല. ഇത്തരം അഭിപ്രായപ്രകടനങ്ങൾ പ്രസിഡണ്ടുപദവിയിലുള്ള ഒരാളിൽനിന്നും വരുന്നത് വിദ്യാഭ്യാസരംഗത്ത് അധിനിവേശ അജണ്ടയെ പ്രോൽസാഹിപ്പിക്കും.

അടുത്തയിടെ വിദ്യാഭ്യാസത്തെപ്പററി, ഇന്ത്യയുടെ പരമോന്നത കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ പലതും ആഗോളവൽക്കരണത്തിന്റെ ആശയങ്ങളെയും പ്രത്യയശാസ്ത്രത്തെത്തന്നെയും പ്രതിഫലിപ്പിക്കുന്നതാണ്. ഉന്നത കോടതികളുടെ നീതിന്യായ വ്യവസ്ഥിതിയെ ആഗോളവൽക്കരണം വളരെയേറെ സ്വാധീനിച്ചു കഴിഞ്ഞു.

2002 ആരംഭത്തിൽ അന്നത്തെ കേന്ദ്ര നിയമമന്ത്രി, അരുൺ ജെററ്ലി പരമോന്നത കോടതിക്ക് ഒരു സർട്ടിഫിക്കററു നൽകി. ബാൽകോയുടെ വിൽപന സംബന്ധിച്ച സുപ്രീംകോടതി വിധി (സർക്കാർ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെയും സ്വകാര്യവൽക്കരണനയങ്ങളുടെയും കാര്യത്തിൽ ഒരു വഴിത്തിരിവും, ഒരു നിർണായക നിമിഷവും ഒരു നാഴികക്കല്ലുമാണ്' (Press Information Bureau, Press Release, Jan 30, 2002)

(ആഗസ്ത് 28, 2005) പ്ളാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മോൺടക്സിംഗ് അഹ്ലുവാലിയ, ബാംഗ്ലൂരിലെ 'നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ'യിൽ നടത്തിയ പ്രഭാഷണത്തിൽ സാമ്പത്തിക നയത്തിലുണ്ടാക്കുന്ന വ്യതിയാനങ്ങൾ നിയമവ്യവസ്ഥിതിയെ ശക്തമായി സ്വാധീനിക്കുമെന്നും, 'സാമ്പത്തികനയത്തിന്റെ മൗലികമായ ഒരു അടിസ്ഥാനമെന്ന നിലയിൽ നിയമവ്യവസ്ഥിതിയുടെ പങ്ക് വരും വർഷങ്ങളിൽ വളരെയേറെ വർധിക്കു'മെന്നും പ്രസ്താവിച്ചു.

ആഗോളവൽക്കരണ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം 2002 ഒക്ടോബറിലെ ടി എം എ പൈ ഫൗണ്ടേഷൻ കേസിലെ വിധിന്യായത്തിൽ പ്രകടമാണ്. ഈ വിധിയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താനുള്ള അവകാശം തൊഴിലോ വ്യാപാരമോ - ബിസിനസോ ജോലിയോ ചെയ്യാനുള്ള 19-1 (ജി)യിലെ അവകാശമാണെന്നു പറയുമ്പോൾ, ഡബ്ളിയുടി ഒ യുടെ 'ഗാട്സി'ൽ വിദ്യാഭ്യാസത്തെപ്പററിയുള്ള സങ്കൽപത്തിനും നിർവചനത്തിനും സുപ്രീം കോടതി അംഗീകാരം നൽകുന്നു.

ഈ വിധിന്യായത്തിന്റെ ആധാരം ആഗോളവൽക്കരണം തന്നെയെന്നതിനു തെളിവുകൾ ധാരാളമുണ്ട്.

"ഒരു അക്കാദമിക് ബിരുദം സമൂഹത്തിന്റെ പൊതുനന്മയെന്നതിനു പകരം വ്യക്തിക്ക് പ്രയോജനം നൽകുന്ന ഒരു സ്വകാര്യ നന്മയെന്നത് ഇന്നു പരക്കെ അംഗീകരിക്കപ്പെടുന്നു; വിധിന്യായത്തിൽ പറയുന്നു.

എത്ര പരക്കെയാണ് അംഗീകരിക്കപ്പെടുന്നതെന്ന ചോദ്യം പ്രസക്തമാണ്. ഏതു പഠനത്തിന്റെ, ഏതു തെളിവിന്റെ അടിസ്ഥാനത്തിലാണ് പരക്കെ അംഗീകരിക്കപ്പെട്ടതാണ് തങ്ങളുടെ അഭിപ്രായം എന്നു പണ്ഡിതന്മാരായ ന്യായാധിപന്മാർ പ്രസ്താവിച്ചതെന്ന ചോദ്യം ഉന്നയിക്കണം.

ഇന്നത്തെ സമ്പദ്വ്യവസ്ഥയുടെ ന്യായവാദവും സ്വകാര്യവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രവും സ്വകാര്യ ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു പുതിയ ഉണർവുണ്ടാക്കി' വിധിന്യായം പ്രസ്താവിക്കുന്നു.

ഇന്നത്തെ സമ്പദ്വ്യവസ്ഥ ആഗോളവൽക്കരണം തന്നെ. അതിന്റെ പരിപാടികളെപ്പററിയല്ല, അതിന്റെ ന്യായവാദത്തെപ്പററിയാണ് കോടതിക്കു പറയാനുള്ളത്. അതുപോലെ സ്വകാര്യവൽക്കരണത്തെപ്പററിയല്ല. സ്വകാര്യവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രത്തെപ്പററിയാണ്. ഇതാണ് ഉന്നതവിദ്യാഭ്യാസത്തെ ഔന്നത്യങ്ങളിലേക്കു കൊണ്ടുപോകാൻ കാരണം. ആഗോളവൽക്കരണത്തിന്റെ ആത്മാവും ശരീരവും ഈ വിധിന്യായത്തിൽ നിറഞ്ഞുനിൽക്കുന്നു.

"ലോകത്തെല്ലായിടത്തും വ്യവസ്ഥാപിതമായ തത്വമാണ് പ്രൊഫഷണൽ വിദ്യാഭ്യാസം ആവശ്യമുള്ളവർ അതിനു വില നൽകണമെന്നത്." ടി എം എ പൈ ഫൗണ്ടേഷൻ കേസ് ആധികാരിക സ്വരത്തിൽ പറയുന്നതിനെ, ഒരു പരമസത്യമെന്ന നിലയിൽ ആഗസ്ത് 12 ലെ ചീഫ് ജസ്ററിസ് ലോ ഹോട്ടിയുടെ വിധിന്യായം ആവർത്തിക്കുന്നു.

"ലോകത്തെല്ലായിടത്തും" ആണെങ്കിൽ പിന്നെ ഇ

ന്ത്യയിലും അങ്ങനെതന്നെ വേണമല്ലോ. വളരെ ല ളിതമായി പറഞ്ഞാൽ ഈ പ്രസ്താവന വാസ്തവവിരുദ്ധമാണ്. എത്ര ആവർത്തിച്ചാലും വാസ്തവമാകുകയില്ല.

ആഗസ്ത് 12-ാം തീയതിയിലെ സുപ്രീംകോടതി വിധി ടി എം എ പൈ ഫൗണ്ടേഷൻ കേസിലെ ഉത്തരവുകളെ കടത്തിവെട്ടുകയും തിരുത്തിയെഴുതുകയും ചെയ്തു.

പതിനൊന്നാം ഭരണഘടനാബഞ്ചിന്റെ വിധിന്യായത്തിന്റെ പരിധികളിൽ നിന്നുകൊണ്ടാണ് പുതിയ വിധിന്യായം എന്നു പറയുന്നുണ്ടെങ്കിലും, ടി എം എ പൈ ഫൗണ്ടേഷൻ വിധിയിലെ സുപ്രധാനമായ ഒരു തീരുമാനം നിയമമല്ലെന്ന് പുതിയ വിധിന്യായം പ്രഖ്യാപിക്കുന്നു.

ടി എം എ പൈ ഫൗണ്ടേഷൻ കേസിന്റെ വിധിന്യായത്തിൽ പറയുന്നത് ഇങ്ങനെയാണ്. സർവകലാശാലയോ സർക്കാരോ അംഗീകാരം നൽകുന്ന സന്ദർഭത്തിൽ, പ്രവേശനകാര്യത്തിൽ മാനേജ്മെന്റിന്റെ മതിയായ അധികാരം നൽകുന്നതോടൊപ്പം മെറിററ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനും വ്യവസ്ഥ ചെയ്യാം." (ഖണ്ഡിക 68)

പുതിയ വിധിന്യായം ഇതിനു നേരെ വിപരീതമായി, സംവരണത്തിന്റെ പേരിലോ അല്ലാതെയോ ഉള്ള ഒരു ക്വാട്ടായ്ക്കും അൺ എയിഡഡ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാരിന് ഒരു അവകാശമില്ലെന്നും തീരുമാനിച്ചിരിക്കുന്നു. ഈ സ്ഥാപനങ്ങളിൽ സംവരണത്തിനുള്ള സ്റേററ് ക്വാട്ട അടിച്ചേൽപിക്കുന്നത് അവയുടെ അവകാശങ്ങളുടെ മേലും സ്വയംഭരണത്തിനുമേലുമുള്ള ഗുരുതരമായ കടന്നുകയററമാണ്.

ഭരണഘടനയുടെ 19, 1 (ജി) അനുസരിച്ചുള്ളതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള മൗലികാവകാശമെന്ന് ആവർത്തിക്കുന്ന ആഗസ്ത് 12 ലെ വിധി ഇത് ""Occupation ആണോ ""Profession" ആണോ എന്ന കാര്യത്തിൽ ചിന്താക്കുഴപ്പം പ്രകടിപ്പിക്കുന്നു.

"As an Occupation, right to impart education is a fundamental right under Article 19, 1 (g)" എന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന വിധിന്യായം, ക്യാപ്പിറേറഷൻ ഫീസിനെപ്പററി പറയുന്ന ഭാഗത്ത് ഇങ്ങനെ പ്രസ്താവിക്കുന്നു.

"Capitation Fee cannot be permitted to be charged and no seat can be appropriated by payment of capitation fee. Profession has to be distinguished from business or a..... ""Occupation". While in business and to a certain extent in occupation, there is a profit motive, profession is primarily to.... wherein earning is .... or incidental.

'ഒക്യുപേഷനും', 'പ്രൊഫഷനും' തമ്മിൽ സുപ്രീംകോടതി ബന്ധപ്പെട്ട് വ്യത്യാസങ്ങൾ കണ്ടുപിടിക്കണമെന്നില്ല. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സേവനങ്ങൾ വ്യാപാരവസ്തുക്കളാണെന്ന് ഡബ്ളിയൂ ടി ഒ വ്യവസ്ഥ ചെയ്തിട്ടുണ്ടല്ലോ.

വിദ്യാഭ്യാസരംഗത്ത് കേന്ദ്രത്തിലുള്ള യു പി എ സർക്കാർ ആഗോളവൽക്കരണ പരിപാടികൾ തന്നെയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. യു പി എ സർക്കാരിനെപ്പററി പറയുമ്പോൾ ഒരു കാര്യം പറയണം; 2004 ലെ ജനവിധിയുടെ ഒരു ഭാഗം മാത്രമെ സർക്കാർ മനസ്സിലാക്കിയിട്ടുള്ളൂ. ബി ജെ പി സർക്കാരിനെ പുറത്താക്കിയ ജനവിധിക്ക് രണ്ടുഭാഗങ്ങളുണ്ടായിരുന്നു. ഒന്നാമത്തേത് വർഗീയതക്കെതിരെയുള്ള ജനവിധി; മതേതരത്വത്തിനുവേണ്ടിയുള്ള ജനവിധി. രണ്ടാമത്തെ ഒരു ജനവിധിയുണ്ടായിരുന്നു. ആന്ധ്രയിലെ നായിഡുവിനും കർണാടകയിലെ കൃഷ്ണയ്ക്കുമൊക്കെ തിരിച്ചടി നൽകിക്കൊണ്ടു നടന്ന ആ തെരഞ്ഞെടുപ്പിലെ 'ഇന്ത്യ തിളങ്ങുന്നു'വെന്ന ആഗോളവൽക്കരണ നേട്ടങ്ങളുടെ അവകാശവാദത്തിനെതിരെയുള്ള ജനവിധി. വരേണ്യവർഗത്തിനുമാത്രം നേട്ടങ്ങളുണ്ടാക്കുന്ന ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനുമെതിരെ ജനങ്ങൾ ശക്തിയായ വിധിയെഴുത്തു നടത്തി. ജനവിധിയുടെ ഈ ഭാഗം മൻമോഹൻസിങ്ങും ചിദംബരവും യു പി എ സർക്കാർ പൊതുവെയും അംഗീകരിച്ചിട്ടില്ല.

ഇവിടെ പറയാനുള്ളത് കേന്ദ്ര വിദ്യാഭ്യാസ നയത്തെപ്പററിയാണ്. യു പി എ സർക്കാരിന്, വിദ്യാഭ്യാസരംഗത്ത് ബി ജെ പി സർക്കാർ ഉണ്ടാക്കിയ കാവിവൽക്കരണം കുറെയെങ്കിലും അവസാനിപ്പിക്കാൻ കഴിഞ്ഞു. അങ്ങനെ ജനവിധിയുടെ ഒരു ഭാഗം വിദ്യാഭ്യാസരംഗത്തു നടപ്പാക്കാൻ അർജുൻസിങ്ങിന് കഴിഞ്ഞു. പക്ഷെ മററെ ഭാഗത്ത് ആഗോളവൽക്കരണത്തിന്റെ നയങ്ങൾ തുടരുകയാണ്.

അതിശക്തമായ അധിനിവേശമാണ് വിദ്യാഭ്യാസരംഗത്ത് ഇന്ന് നടക്കുന്നത്. അതുയർത്തുന്ന വെല്ലുവിളികളെ വിദ്യാഭ്യാസ പ്രവർത്തകർ നേരിടേണ്ടിയിരിക്കുന്നു. ചെറുത്തുനിൽപില്ലാതെ പോയാൽ, പ്രതിരോധത്തിനു തയ്യാറായില്ലെങ്കിൽ, കനത്ത വില നൽകേണ്ടി വരും.

ആഗോളവൽക്കരണം വിദ്യാഭ്യാസരംഗത്തുണ്ടാക്കുന്ന അപകടകരമായ ഭവിഷ്യത്തുകളെപററി വ്യാപകമായ ബോധവൽക്കരണം ഉണ്ടാക്കുകയും അതിന്റെപദ്ധതികളെ എതിർക്കുകയും ബദലുകൾ നിർദേശിക്കുകയും വേണം.

# പ്രൊഫഷണൽ വിദ്യാഭ്യാസം

ഡോ. ആർ. വി. ജി. മേനോൻ

വൈദ്യം (ആധുനികവും പരമ്പരാഗതവും), എൻജിനീയറിങ്, അധ്യാപനം, മാനേജ്മെന്റ്, നിയമം, കൃഷി മുതലായ വിവിധ തൊഴിൽ മേഖലയിലുള്ള വിദ്യാഭ്യാസത്തെയാണ് പൊതുവിൽ പ്രൊഫഷണൽ വിദ്യാഭ്യാസമെന്നു വിവക്ഷിക്കുന്നത്. പൊതുവിഷയങ്ങൾ പഠിപ്പിക്കുന്ന ആർട്സ് & സയൻസ് കോളജുകളിൽ നിന്നു വേറിട്ട് വിഷയാധിഷ്ഠിതമായ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്ഥാപനങ്ങളാണ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മുഖ്യധാരാ സർവ്വകലാശാലകളോട് അഫിലിയേററ് ചെയ്ത സാധാരണ കോളജുകളോ ഭാഗികമായ സ്വയംഭരണമുള്ള ആട്ടോണമസ് കോളജുകളോ സർവകലാശാലാ പദവിയുള്ള സ്വതന്ത്ര സ്ഥാപനങ്ങളോ ആകാം അവ. ഇവയ്ക്കെല്ലാം പുറമേ വിഷയാധിഷ്ഠിത സർവകലാശാലകളും (Agricultural University, Law University, Technical University etc.) പ്രചാരത്തിൽ വരികയാണ്. ഇവ ഓരോന്നും അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ വ്യത്യസ്തമാണ്. പ്രായോഗികത പരിഗണിച്ച് ഈ പ്രബന്ധം സർവകലാശാലകളോട് അഫിലിയേററ് ചെയ്ത പ്രൊഫഷണൽ കോളജുകളുടെ കാര്യം മാത്രമേ ചർച്ചയ്ക്കെടുക്കുന്നുള്ളൂ.

### തുല്യതയും മികവും (Equity and Excellence)

മററു വിദ്യാഭ്യാസമേഖലകളിലെന്നപോലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുമുള്ള മുഖ്യവെല്ലുവിളി തുല്യതയോടൊപ്പം മികവും ഉറപ്പാക്കുക എന്നതു തന്നെയാണ്. യഥാർത്ഥത്തിൽ ഇതു രണ്ടും വേർപെടുത്താവുന്ന ലക്ഷ്യങ്ങളല്ല. മികവില്ലാത്ത തുല്യത വന്ധ്യവും തുല്യതയില്ലാത്ത മികവ് അപകടകരവുമത്രേ. സമൂഹത്തിലെ ഒരു വലിയ വിഭാഗത്തിന് (തൊണ്ണൂറു ശതമാനത്തോളം) ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം പോയിട്ട് അർഹത പോലും നേടാനാവാതാവുകയും, ആ അർഹത രൂപപ്പെടുത്തുന്നതിൽ സാമൂഹിക - സാമ്പത്തിക ഘടകങ്ങൾക്ക് ഗണ്യമായ സ്വാധീനം ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ യഥാർത്ഥ മികവ് കൈവരിക്കാൻ എങ്ങനെയാണ് കഴിയുക? വളരുന്ന തലമുറയിലെ ഏററവും മികച്ച പ്രതിഭകളെ അവർക്ക് അനുയോജ്യമായ മേഖലകളിലെത്തിക്കുകയും അവർക്കർഹതപ്പെട്ട വിദ്യാഭ്യാസം നൽകുകയും ചെയ്തു കൊണ്ടുമാത്രമേ യഥാർത്ഥ മികവിന്റെ പ്രയോജനം സമൂഹത്തിനു ലഭ്യമാക്കാൻ കഴിയൂ. ഇതു സാധ്യമാകണമെങ്കിൽ സ്കൂൾ തലം മുതൽ തന്നെ ഓരോ കുട്ടിയുടെയും സാമൂഹിക - സാമ്പത്തിക - ഗാർഹിക പശ്ചാത്തലത്തിൽ നിന്നു നിരപേക്ഷമായി കുട്ടിയുടെ പ്രതിഭ വികസിപ്പിക്കുന്നതിനുള്ള സാഹചര്യവും അവസരവും ആ കുട്ടിക്കു ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തിയേ മതിയാകൂ. ഇത് പരിഗണിക്കാതെ ഉന്നതവിദ്യാഭ്യാസത്തിലെയോ പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേയോ തുല്യതയെയും മികവിനെയും പററി ചർച്ച ചെയ്യുന്നത് വൃഥാ വ്യായാമമേ ആകൂ.

### പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

മററ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെന്നപോലെ പ്രൊഫഷണൽ വിദ്യാലയങ്ങളും നേരിടുന്ന

പ്രശ്നങ്ങളെ ഭരണപരം, സാമ്പത്തികം, അക്കാദമികം എന്നു മൂന്നു വിധമായി തിരിക്കാം.

### ഭരണപരം

അഫിലിയേററഡ് കോളജുകൾക്കുമേൽ രണ്ട് അധികാരസ്ഥാനങ്ങളാണുള്ളത്. യൂണിവേഴ്സിററിയും സർക്കാരും. സ്വകാര്യകോളജുകളിൽ മാനേജ്മെന്റ് അധികാരത്തിന്റെ മൂന്നാമത്തെ മൂലയായി നിൽക്കുന്നു. സർക്കാർ കോളജുകളിൽ പലപ്പോഴും മാനേജർ എന്ന നിലയിലുള്ള ഉത്തരവാദിത്തം വേണ്ട രീതിയിൽ വിനിയോഗിക്കാൻ സർക്കാരിന് കഴിയാറില്ല. റെഗുലേററും സർക്കാർ തന്നെയാകയാൽ ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകുന്നു. IMC, AICTE മുതലായ അഖിലേന്ത്യാ ഏജൻസികളുടെ ഇടപെടലിനെ മാത്രമേ അല്പമെങ്കിലും ഭയമുള്ളൂ. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്ന ചുമതല കഴിച്ചാൽ വിദ്യാർത്ഥി പ്രവേശനം, അധ്യാപകരുടെയും അനധ്യാപകരുടെയും നിയമനം, സേവനവേതന വ്യവസ്ഥകൾ ദൈനംദിന ഭരണം എന്നിവയാണല്ലോ പ്രധാനപ്പെട്ട ഭരണപരമായ കാര്യങ്ങൾ. ആദ്യ മൂന്ന് കാര്യങ്ങളിലും നയപരമായ സമീപനങ്ങൾക്കു പുറമേ അക്കാദമിക ഗുണനിലവാരത്തേയും സാമൂഹിക നീതിയേയും സംബന്ധിക്കുന്ന ഘടകങ്ങളുള്ളതുകൊണ്ട് സർക്കാരും സർവകലാശാലയും ചില മാർഗനിർദ്ദേശങ്ങൾ നൽകുന്നതും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതും ആവശ്യമാണ്. ഈ നിയന്ത്രണങ്ങളുടെ തോത് സർക്കാർ - എയ്ഡഡ് - അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ വ്യത്യസ്തമായിരിക്കും. ഇതിനു വിധേയമായി ദൈനംദിന ഭരണകാര്യങ്ങളിൽ സ്വയംഭരണം അനുവദിക്കുക എന്നതായിരിക്കണം പൊതുസമീപനം. സർക്കാരായാലും എയ്ഡഡായാലും അൺ എയ്ഡഡായാലും സ്വയംഭരണം എന്നത് സ്ഥാപനത്തിനായിരിക്കണം; പ്രിൻസിപ്പലിനോ മാനേജർക്കോ ആയിരിക്കരുത്. ആ അധികാരം ജനാധിപത്യപരമായി വിനിയോഗിക്കാനുള്ള സംവിധാനവും ഉണ്ടാകണം. ആ സംവിധാനത്തിൽ അധ്യാപക സമൂഹത്തിന് (ഫാക്കൾട്ടിക്ക്) നിർണ്ണായകമായ പങ്കാളിത്തം കൂടിയേ തീരൂ. വിദ്യാർത്ഥികളുടെ പക്ഷവും പ്രതിനിധീകരിക്കപ്പെടണം.

തീർച്ചയായും ഈ സമീപനത്തിൽ പ്രതിഫലിക്കുന്ന ഒരു അടിസ്ഥാന സങ്കല്പമുണ്ട്. വിദ്യാർത്ഥിയുടെയും അധ്യാപകന്റെയും സമൂഹത്തിന്റെയും താത്പര്യങ്ങൾക്കതീതമായി. അല്ലെങ്കിലിവയിൽ നിന്നു വിഭിന്നമായി, മറെറാരു താത്പര്യം സ്ഥാപനത്തിനോ അതിന്റെ മാനേജ്മെൻറിനോ ഉണ്ടാകാൻ വയ്യ എന്നതാണ്. ദൗർഭാഗ്യവശാൽ ഇതല്ല ഇന്നത്തെ സ്ഥിതി. കച്ചവടതാത്പര്യങ്ങളും അധികാര താത്പര്യങ്ങളും കൊടികുത്തി വാഴുന്ന മേഖലയായി പ്രൊഫഷണൽ വിദ്യാഭ്യാസരംഗം മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഏതു സ്ഥാപനത്തിന്റെയും സ്വയംഭരണാധികാരം നിരങ്കുശമോ അപരിമിതമോ ആകാൻ പാടില്ല. അതു ബൃഹത്തായ തലത്തിൽ സാമൂഹിക നിയന്ത്രണത്തിനു വിധേയമാകണം. പക്ഷേ ഏതു വിധത്തിലാണ് ഈ സാമൂഹിക നിയന്ത്രണത്തിലുള്ള സംവിധാനം രൂപപ്പെടുത്തേണ്ടത് എന്നത് ഇനിയും ഉരുത്തിരിച്ചെടുക്കേണ്ടിയിരിക്കുന്നു. സാമൂഹ്യനിയന്ത്രണം എന്നാൽ സർക്കാർ നിയന്ത്രണമാകണമെന്നില്ല എന്നതും ഓർക്കേണ്ടതുണ്ട്.

### സാമ്പത്തികം

ഉന്നതവിദ്യാഭ്യാസത്തിന്റെ സാമ്പത്തികം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരു വിഷയമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവർ പ്രായേണ ഉയർന്ന വരുമാനമുള്ള ജോലികളിൽ പ്രവേശിക്കുന്നു എന്നതിനാൽ വിദ്യാഭ്യാസച്ചെലവിന്റെ മുഴുവനുമോ അതിലും അധികമോ ഏറിയപങ്കെങ്കിലുമോ അവരിൽ നിന്നീടാക്കണം എന്നൊരു ചിന്ത ശക്തി പ്രാപിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസം ഒരു പൊതുനന്മ (public good) അല്ല. സ്വകാര്യ നന്മ (private good) ആണ് എന്ന കാഴ്ചപ്പാടാണ് ഇതിൽ പ്രതിഫലിക്കുന്നത്. TMA പൈ ഫൗണ്ടേഷൻ കേസിൽ സുപ്രീംകോടതിയുടെ പതിനൊന്നംഗ ബെഞ്ചും ഇതു ശരിവച്ചു. പക്ഷേ ഇതൊരു നിയമ പ്രശ്നമോ സാമ്പത്തിക തത്വമോ അല്ല; ആത്യന്തികമായി ഒരു രാഷ്ട്രീയ പ്രസ്താവമാണ്. വിദ്യാഭ്യാസം ആവശ്യക്കാർ വിലകൊടുത്തു വാങ്ങേണ്ട ചരക്കല്ല എന്നും സമൂഹം അതിന്റെ ഭാവിയിൽ നടത്തുന്ന നിക്ഷേപമാണെന്നും ഉള്ള തിരിച്ചറിവാണ് ഇവിടെ പ്രതിഫലിക്കേണ്ടത്. തീർച്ചയായും പ്രൊഫഷണൽ വിദ്യാഭ്യാസം സിദ്ധിച്ചവർ ഉയർന്ന പദവികളിലെത്തുന്നു എന്നത് സത്യമാണ്. അതുകൊണ്ടു തന്നെ അവർ പൊതുവിദ്യാഭ്യാസത്തിനുള്ള മുതൽമുടക്കിൽ താരതമ്യേന കൂടിയ ഭാരം വഹിക്കേണ്ടതുണ്ട്. പക്ഷേ അത് വിദ്യാർത്ഥികൾ എന്ന നിലയ്ക്കല്ല, സമൂഹത്തിലെ ഉയർന്ന വരുമാനക്കാർ എന്ന നിലയിലായിരിക്കണം. ഇത് എങ്ങനെ ഈടാക്കാം എന്നത്, വീണ്ടും ചർച്ചയ്ക്കു വിധേയമാക്കേണ്ട മറെറാരു വിഷയമാണ്. മാററിവച്ച ഫീസുകൾ, പലിശയില്ലാ വായ്പകൾ (ജോലികിട്ടിയാൽ മാത്രം തിരിച്ചടയ്ക്കുക!), വിദ്യാഭ്യാസ സെസ്സ് മുതലായി പല മാർഗങ്ങളും ആകാം. പക്ഷേ, വില വാങ്ങി വിദ്യ വില്ക്കുക എന്ന കച്ചവടതന്ത്രം എന്തായാലും സ്വീകാര്യമല്ല.

ആവശ്യപ്പെടുന്നവർക്കെല്ലാം പ്രൊഫഷണൽ വി

> **വളരുന്ന തലമുറയിലെ ഏററവും മികച്ച പ്രതിഭകളെ അവർക്ക് അനുയോജ്യമായ മേഖലകളിലെത്തിക്കുകയും അവർക്കർഹതപ്പെട്ട വിദ്യാഭ്യാസം നൽകുകയും ചെയ്തു കൊണ്ടുമാത്രമേ യഥാർത്ഥ മികവിന്റെ പ്രയോജനം സമൂഹത്തിനു ലഭ്യമാക്കാൻ കഴിയൂ. ഇതു സാധ്യമാകണമെങ്കിൽ സ്കൂൾ തലം മുതൽ തന്നെ ഓരോ കുട്ടിയുടെയും സാമൂഹിക - സാമ്പത്തിക - ഗാർഹിക പശ്ചാത്തലത്തിൽ നിന്നു നിരപേക്ഷമായി കുട്ടിയുടെ പ്രതിഭ വികസിപ്പിക്കുന്നതിനുള്ള സാഹചര്യവും അവസരവും ആ കുട്ടിക്കു ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തിയേ മതിയാകൂ.**

ദ്യാഭ്യാസം നൽകാൻ സർക്കാരിന്റെ കൈയിൽ പണമില്ല. അതുകൊണ്ട് സ്വാശ്രയവിദ്യാലയങ്ങൾ കൂടിയേ തീരൂ എന്നാണ് കേന്ദ്രസർക്കാർ സുപ്രീംകോടതി മുമ്പാകെ ബോധിപ്പിച്ചത്. ഈ വാദവും സ്വീകാര്യമല്ല. ഒന്നാമത് ആവശ്യപ്പെടുന്നവർക്കെല്ലാം പ്രൊഫഷണൽ വിദ്യാഭ്യാസം നല്കുക എന്നതല്ല, സമൂഹത്തിന്റെ ആവശ്യവും വിദ്യാർത്ഥിയുടെ അർഹതയും അനുസരിച്ച്, തെരഞ്ഞെടുക്കപ്പെട്ടവർക്കു നല്കുക എന്നതാണ് ലോകമെങ്ങുമുള്ള തത്വം. രണ്ടാമത്, അങ്ങനെയുള്ളവർക്കുപോലും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ സർക്കാരിനു വിഭവശേഷിയില്ലെങ്കിൽ, സ്വന്തമായി വിഭവങ്ങൾ കൊണ്ടുവരാനോ കണ്ടെത്താനോ കഴിവുള്ളവരാണ് സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങേണ്ടത്. വിദ്യാർത്ഥികളിൽ നിന്ന് പണം പിരിച്ച് സ്ഥാപനം പടുത്തുയർത്തുകയല്ല വേണ്ടത്. അതാണു യുക്തമെങ്കിൽ അതുചെയ്യാൻ സ്വകാര്യ ഏജൻസികൾ വേണമെന്നില്ല. അതു സർക്കാർ ഏജൻസികൾക്കു തന്നെ ചെയ്യാവുന്നതേയുള്ളു. മൂന്നാമതായി, GDP യുടെ 6% വിദ്യാഭ്യാസത്തിനു മാററിവയ്ക്കും എന്ന ലക്ഷ്യം (വാഗ്ദാനവും) നിറവേററാനാകാത്ത സർക്കാർ തങ്ങളുടെ കൈയ്യിൽ പണമില്ലാ എന്നു പറയുന്നത് ഉത്തരവാദിത്തത്തിൽ നിന്നൊളിച്ചോടലാണ്. അത് അനുവദനീയമല്ല. വിദ്യാഭ്യാസം സ്ററേററിന്റെ ഉത്തരവാദിത്തം തന്നെയാണ്. അതു നിർവ്വഹിക്കാനായി സർക്കാരിന്റെ ഏജൻസി എന്ന നിലയിൽ മാത്രമേ സ്വകാര്യ മുൻകൈയ്യുകൾ അനുവദിക്കാനാവൂ എന്ന് ഉണ്ണികൃഷ്ണൻ വിധിയിൽ പറഞ്ഞതാണു ശരി. സർക്കാർ കോളജുകളിലെ ഫീസും പ്രവേശനമാനദണ്ഡങ്ങളും സ്വകാര്യ - അൺ എയ്ഡഡ് കോളജുകളിലും പിന്തുടരേണ്ടതാണ്. TMA പൈവിധിയും ഇനാംദാർ കേസിലെ ഏഴംഗ ബെഞ്ചുവിധിയും ഇതനുവദിക്കാത്ത സ്ഥിതിക്ക് അതിനായി പ്രത്യേക നിയമനിർമാണമോ വേണ്ടിവന്നാൽ ഭരണഘടനാഭേദഗതി തന്നെയോ കൊണ്ടുവരണം.

ഈ നിബന്ധനകളനുസരിച്ച് സ്വന്തമായി വിഭവ സമാഹരണം നടത്തി കോളജുകൾ നടത്താൻ തയ്യാറുള്ള ഏജൻസികൾ മാത്രം സ്വകാര്യ വിദ്യാലയങ്ങൾ നടത്താനായി മുന്നോട്ടുവന്നാൽ മതി. വിദ്യാലയനടത്തിപ്പ് ഒരു തൊഴിൽ ആണെന്ന വ്യാഖ്യാനിച്ച സുപ്രീംകോടതി പോലും അതൊരു സേവനം ആണ്, ബിസിനസ്സ് അല്ല എന്നു സമ്മതിച്ചിട്ടുണ്ട്. (ഇനാംദാർ, 2005) പൊതുസേവനം നടത്തുന്നവർ പൊതു നിബന്ധനകളും അനുസരിച്ചേ തീരൂ. പൊതുസർവ്വീസ് നടത്തുന്ന ബസ്സുകളിൽ ഇഷ്ടമുള്ളവരെ മാത്രം കയററാനും തോന്നുന്ന ചാർജ് ഈടാക്കാനും അനുവാദമില്ലാത്തതുപോലെ, പൊതുസേവനത്തിനുള്ള വിദ്യാലയങ്ങളിലും സർക്കാരും സമൂഹവും അംഗീകരിക്കുന്ന വ്യവസ്ഥകളേ ആകാവൂ.

### അക്കാദമികം

വിദ്യാർത്ഥി പ്രവേശനത്തിനുള്ള യോഗ്യതകൾ, അധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ മുതലായവയുടെ കാര്യത്തിൽ സർക്കാർ - എയിഡഡ്- അൺ എയിഡഡ് കോളജുകളുടെ കാര്യത്തിൽ ഭേദങ്ങൾ പാടില്ലാത്തതാണ്. അതേസമയം തന്നെ പാഠ്യപദ്ധതി, സിലബസ്സ് മുതലായവയിൽ പൊതുമാർഗനിർദ്ദേശത്തിനു വിധേയമായി സ്വന്തമായി പരീക്ഷണങ്ങൾ നടത്താനും കൂടുതൽ മെച്ചപ്പെടുത്താനുമുള്ള സ്വാതന്ത്ര്യം ഓരോ വിദ്യാലയത്തിനും ഉണ്ടാകുന്നതും നല്ലതാണ്. പക്ഷേ, ഈ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള മുൻകരുതലുകളും വേണ്ടതുണ്ട്. അതോടൊപ്പം തന്നെ, ഈ വെല്ലുവിളി നേരിടുന്നതിനുള്ള തയ്യാറെടുപ്പും പരിശീലനവും സംവിധാനങ്ങളും ഉണ്ടാക്കിയെടുക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. അക്കാദമിക് ആട്ടോണമി വളരെ നല്ല ഒരു സങ്കല്പമാണ്, അതായിരിക്കണം ആത്യന്തിക ലക്ഷ്യം; എങ്കിലും വളരെ സൂക്ഷിച്ചും പടിപ്പടിയായും നടപ്പാക്കേണ്ടതാണ്.

## എണ്ണപ്പെരുക്കവും ഗുണപ്പെരുമയും

പ്രൊഫഷണൽ കോഴ്സുകളുടെ കാര്യത്തിൽ അടുത്തകാലത്തുണ്ടായ വർദ്ധിച്ച താത്പര്യവും ഡിമാന്റുമനുസരിച്ച് അവയുടെ എണ്ണത്തിലുണ്ടായ പെരുക്കവും ഒരർത്ഥത്തിൽ ഗുണകരമാണ്. ശാസ്ത്ര-മാനവിക വിഷയങ്ങളിൽ ആവശ്യമുള്ളതിനേക്കാൾ വളരെക്കൂടുതൽ ആളുകളെ ഉത്പാദനമേഖലകളിലും വിദഗ്ധസേവനമേഖലകളിലും സമൂഹത്തിന് ആവശ്യമാണ്. അതേസമയം തന്നെ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

1. തൊഴിൽ മേഖലകളുടെ വ്യത്യസ്ത തലങ്ങൾക്ക് ( ഉദാ: ഡോക്ടർ - നേഴ്സ് - പാരാമെഡിക്കൽ, എൻജിനീയർ-ടെക്നീഷ്യൻ-സ്കിൽഡ് വർക്കർ, കംപ്യൂട്ടർ എൻജിനീയർ (സയന്റിസ്റ്റ്) - പ്രോഗ്രാമർ-ഡി.ടി.പി.-ഡേറ്റാ എൻട്രി....) ആനുപാതികമായ വിതരണം ഉണ്ടാകണം.
2. ഓരോ തലത്തിലും മതിയായ ഗുണമേന്മ ഉറപ്പുവരുത്തണം
3. വിദേശത്തും ഇന്ത്യയുടെ മററു ഭാഗങ്ങളിലുമുള്ള അവസരങ്ങൾകൂടി മുതലാക്കുന്നത് സ്വാഭാവികവും അഭിലഷണീയവുമാണെങ്കിലും നമ്മുടെ നാടിന്റെ വികസനത്തിനാവണം മുൻഗണന. ഏററവും മിടുക്കരെ കയററിയയച്ച് രണ്ടാം തരക്കാരെക്കൊണ്ട് നമുക്ക് നന്നാകാൻ പററില്ല. ഏററവും മിടുക്കരെ ആകർഷിക്കാനും അവർക്ക് അവരുടെ മിടുക്ക് നാടിനുവേണ്ടി പ്രയോജനപ്പെടുത്താനുമുള്ള സാഹചര്യംകൂടി ഇവിടെത്തന്നെ സൃഷ്ടിക്കണം.
4. നമുക്ക് എല്ലാ മേഖലകളിലും അതതു മേഖലകളിൽ മിടുക്ക് ഉള്ളവരെ ആവശ്യമുണ്ട്. അതുകൊണ്ടു തന്നെ ഏതെങ്കിലും ഒരു മേഖലയിലെ അമിതമായ വളർച്ച മററു മേഖലകളെ അനാരോഗ്യകരമായി ബാധിക്കുന്നില്ല എന്നുറപ്പു വരുത്തണം.

'അമിതമായ വളർച്ച' എങ്ങനെയാണു തീരുമാനിക്കുക? ഒന്ന്, രാജ്യത്തെ മൊത്തം ഡിമാന്റിനെപ്പററി ധാരണ ഉണ്ടാക്കുകയാണ്. ഉദാഹരണമായി ഐ. ടി. രംഗത്തെ ആവശ്യത്തെപ്പററി NASSCOM ന്റെ കണക്കുകൂട്ടലുകൾക്കു വമ്പിച്ച പ്രചാരം കിട്ടിയിട്ടുണ്ട്. പക്ഷേ അവയുടെ അടിസ്ഥാനം എന്തെന്നോ അവ എത്രമാത്രം വിശ്വസനീയമാണെന്നോ സ്വതന്ത്രമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ NTMIS (National Technical Manpower Information System) ന്റെ ഉത്തരവാദിത്തം അവർ നിറവേററിയിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. അവരുടെ കണക്കുകൂട്ടലുകൾ അനുസരിച്ചു മാത്രമേ AICTE പുതിയ എൻജിനീയറിങ് കോളജുകൾ അനുവദിക്കാവൂ എന്നാണ് യു. ആർ. റാവു കമ്മിററി നിർദ്ദേശിച്ചത്. അതും ആരും ഗൗരവമായി എടുത്ത ലക്ഷണമില്ല.

മറെറാരു സംഗതി NASSCOM ന്റെ കണക്കിൽ പോലും കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെയും എൻജിനീയർമാരുടെയും ഡി. ററി. പി. ഡാററാ എൻട്രി തുടങ്ങിയ താഴ്ന്ന തലങ്ങളിലുള്ളവരുടെയും ആവശ്യകത തമ്മിൽ വലിയ ചിന്താക്കുഴപ്പം നിലനിൽക്കുന്നുണ്ട് എന്നതാണ്. അതുകൊണ്ടാണ് ഐ.ടി/കമ്പ്യൂട്ടർ എൻജിനീയറിങ്ങ് ഡിഗ്രി കോഴ്സുകൾക്ക് വൻ തിരക്ക് ഉണ്ടാകുമ്പോൾ തന്നെ, നല്ല ഡി. ററി. പി. വിദഗ്ധരെ കിട്ടാനില്ലാത്തതും പല ഡിഗ്രിക്കാരും കാൾ സെന്ററുകളിൽ ജോലിതേടേണ്ടി വരുന്നതും. ഐ.ടി. രംഗത്തെ സാദ്ധ്യതകൾ മുതലാക്കാനാണെങ്കിൽ തന്നെയും അതിനോടൊപ്പം മററു പല അനുബന്ധ മേഖലകളിലും കൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. കമ്പ്യൂട്ടർ വിദഗ്ധരെ സൃഷ്ടിക്കാനായി നാടുമുഴുവൻ എൻജിനീയറിങ്ങ് കോളജുകൾ തുടങ്ങേണ്ടതുമില്ല. അതിനേക്കാൾ വളരെക്കുറഞ്ഞ ചെലവിൽ കുറഞ്ഞ കാലയളവിൽ അവരെ പരിശീലിപ്പിച്ചെടുക്കാൻ കഴിയും. പക്ഷേ സുപ്രധാനമായ ഈ രംഗത്തിനെ വിപണിയുടെ ദയാദാക്ഷിണ്യങ്ങൾക്കും വന്യനിയമങ്ങൾക്കും വിട്ടതുവഴി വിദ്യാർത്ഥികളുടെ താത്പര്യവും ഭാവിയും അപകടത്തിലാവുകയാണ്.

എൻജിനീയറിങ്ങിനോടോ കമ്പ്യൂട്ടർ പ്രോഗ്രാമിനോടോ യാതൊരു താത്പര്യവുമില്ലാത്ത, ഗണിതത്തിന് മിനിമം യോഗ്യതപോലുമില്ലാത്ത പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഈ ഒഴുക്കിൽ പെട്ട് എൻജിനീയറിങ് കോളജുകളിൽ എത്തുന്നത്. തമിഴ്നാട്ടിലെയും കർണ്ണാടകത്തിലെയും കേരളത്തിലെ തന്നെയും അനുഭവം സൂചിപ്പിക്കുന്നത് ഇതൊരു കൂട്ടത്തോൽവിയിലേയ്ക്കും മാനുഷിക ദുരന്തത്തിലേക്കുമാണ് നയിക്കുന്നതെന്നാണ്. മാത്രവുമല്ല ഏത് എൻജിനീയറിങ്ങ് ബ്രാഞ്ചിൽ പഠിച്ചാലും അവസാനം ജോലികിട്ടുന്നത് ഐ. ടി. യിലാണെന്നതുകൊണ്ട് എൻജിനീയറിങ് പഠനം അപ്രസക്തമാവുകയും അത് പൊതുവായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെയും വിദ്യാലയാന്തരീക്ഷത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ടെക്നിക്കൽ ജോലികൾ ചെയ്യുന്നവരെക്കാൾ പല മടങ്ങുവേതനം ഐ. ടി./മാനേജ്മെന്റ് മേഖലകളിൽ കിട്ടുന്നതുകൊണ്ട് എൻജിനീയറിങ് രംഗത്തുനിന്ന് മിടുക്കന്മാരുടെ നിഷ്ക്രമണം ഉണ്ടാകുന്നു. ഇത് ഭാവിയിലെ വികസനത്തെയും രാജ്യത്തിന്റെ സ്വാശ്രയത്വത്തെയും ദോഷകരമായി

ബാധിക്കും എന്നുറപ്പാണ്. കച്ചവടവത്കരണത്തിന്റെ അനിവാര്യതയാണിത്.

ഇതേ ദുരന്തം, മറ്റൊരു രൂപത്തിൽ, മെഡിക്കൽ വിദ്യാഭ്യാസരംഗത്തും അരങ്ങേറുകയാണ്. വൈദഗ്ധ്യമുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കേണ്ടതുണ്ട് എങ്കിലും, സ്വകാര്യ മെഡിക്കൽ കോളജുകളിലെ സീറ്റുകൾ ലേലം വിളിച്ചെടുക്കുന്നവരിൽ മിക്കവരും പൊതുപ്രവേശന പരീക്ഷയിലെ കീഴറ്റക്കാരാണ്. അവരെ ജയിപ്പിക്കുവാനുള്ള അഭ്യാസങ്ങൾ ഇപ്പോൾ തന്നെ പ്രകടമായിത്തുടങ്ങി. മെഡിക്കൽ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനുമായി മുടക്കിയ ദശലക്ഷങ്ങൾ മുതലാക്കാനായി ഭാവിയിൽ ഇവർ എന്തെന്തു കടുംകൈകളാണ് ചെയ്തുകൂടാത്തത്! ഒരുകാലത്ത് മാതൃകാപരവും സർവ്വാദരണീയവുമായിരുന്ന ചികിത്സാ പ്രൊഫഷന്റെ അധഃപതനത്തിനാണിതു വഴിവയ്ക്കുക.

വളരെ പെട്ടെന്ന് അനാസൂത്രിതമായുണ്ടായ വികസനം (വിസ്ഫോടനം) പലവിധത്തിലാണ് അക്കാദമിക ഗുണമേന്മയെ തകർത്തിട്ടുള്ളത്. അവശ്യം യോഗ്യതയില്ലാത്ത വിദ്യാർത്ഥികളെപ്പോലും ആകർഷിച്ച് പ്രവേശിപ്പിക്കുന്നത് ഒരു വശത്ത്; നിശ്ചിതയോഗ്യതയില്ലാത്ത അധ്യാപകരുടെ ക്ഷാമം മറുവശത്ത്. എൻജിനീയറിങ് അധ്യാപകന് AICTE നിശ്ചയിച്ചിട്ടുള്ള യോഗ്യത കർശനമായി നടപ്പാക്കിയാൽ പല പുതിയ കോളേജുകളിലും ആരും അവശേഷിക്കില്ല. രാജ്യത്തൊട്ടാകെ 30000 എം. ടെക്കുകാരുടെയും 26000 പി എച്ച്. ഡി ക്കാരുടെയും കുറവുണ്ടെന്നാണ് യു. ആർ. റാവു കമ്മിററി കണ്ടെത്തിയത്. മിക്ക കോളേജുകളിലും ഏതാനും പെൻഷൻകാരെയും കുറെ തുടക്കക്കാരെയും വച്ച് ഒപ്പിച്ചു മാറുകയാണ്. ഇതിനേക്കാൾ രൂക്ഷമാണ് മെഡിക്കൽ കോളജുകളിലെ അവസ്ഥ. ഈ പോക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യതയെത്തന്നെ നശിപ്പിക്കുകയാണ്.

**പോംവഴി**

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗം കച്ചവടതാത്പര്യക്കാർക്കു വിട്ടുകൊടുക്കുന്നതിന്റെ അനിവാര്യമായ ദുരന്തഫലങ്ങളാണിവയെല്ലാം. ഇതിനർത്ഥം മുമ്പേ എല്ലാം കേമമായിരുന്നെന്നല്ല. തീർച്ചയായും ഗുണമേന്മാ പ്രശ്നങ്ങൾ നേരത്തെ തന്നെയുണ്ട്. അതിനുള്ള പരിഹാരം കണ്ടെത്തുന്നതിനായിരുന്നു മുൻഗണന കിട്ടേണ്ടിയിരുന്നത്. ഐ.ടി. രംഗമൊഴികെ മറ്റേതെങ്കിലും പ്രൊഫഷണൽ രംഗത്ത് അത്ഭുതകരമായ വർദ്ധനവൊന്നും 'ഡിമാന്റിന്റെ' കാര്യത്തിൽ ഉണ്ടായിട്ടില്ല. ഏതെങ്കിലും വ്യതിയാനങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും (ഉദാ: ടൂറിസവും ഹോസ്പിററാലിററിയും) അതു ശ്രദ്ധിച്ച് അതിനനുസരിച്ച് പുതിയ വിദ്യാഭ്യാസാവസരങ്ങൾ സൃഷ്ടിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസാധികാരസ്ഥാപനങ്ങളാണ് മുൻകൈയെടുക്കേണ്ടിയിരുന്നത്. അത്തരമൊരു ഉത്തരവാദിത്തം വേണ്ടവിധം നിറവേററപ്പെടാത്തതുകൊണ്ടാണ് ആ ശൂന്യതയിലേക്ക് അനർഹരും അയോഗ്യരും ചാടിവീണത്. ഇനി അതുണ്ടാകരുത്.

തൊഴിൽ രംഗത്ത് ഇത്തരം 'തരംഗങ്ങൾ' ഉണ്ടാകുമ്പോൾ (ഉദാ: നഴ്സുമാർക്ക് ഉണ്ടായിട്ടുള്ള വർദ്ധിച്ച ആവശ്യകത) അതു നിറവേററാനായി സ്ഥിരമായ സംവിധാനങ്ങൾ ഉണ്ടാകണമെന്നില്ല. അതു പിന്നീട് ഒഴിവാക്കാനാവാത്ത നിക്ഷിപ്ത താത്പര്യകേന്ദ്രങ്ങളായി മാറും. അതിനുപകരം വഴക്കമുള്ള (Flexible) താത്കാലിക സംവിധാനങ്ങൾ പരീക്ഷിക്കപ്പെടേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരണം. അതുപോലെ തന്നെ വ്യത്യസ്ത സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ (infrastructure) തരംപോലെ ഉപയോഗിച്ചുകൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്ന രീതിയും പരീക്ഷിക്കാവുന്നതാണ്. പലപ്പോഴും ഈ തരത്തിലുള്ള പുതുമകൾക്ക് അഖിലേന്ത്യാ തലത്തിലുള്ള സമിതികളുടെ കടുംപിടിത്തം തടസ്സമാകുന്നുണ്ട് എന്നതും വസ്തുതതയാണ്. അതും പരിശോധിക്കപ്പെടേണ്ട ഒരു ഘടകമാണ്. ഒരു വശത്ത് ഗുണമേന്മയുടെ പേരിൽ അപ്രസക്തമായ കാര്യങ്ങളിൽ അനാവശ്യമായ കടുംപിടിത്തം നടത്തുമ്പോൾ തന്നെ മറുഭാഗത്ത് സ്വകാര്യമാനേജ്മെന്റുകൾക്ക് വിദ്യാർത്ഥികളെ ചാക്കിട്ടുപിടിച്ച് പിഴിഞ്ഞ് അമിതലാഭമുണ്ടാക്കാനുള്ള വഴികളും അവർ തെളിച്ചുകൊടുക്കുന്നു എന്നതും ഒരു വൈരുദ്ധ്യമാണ്.

ഒരു " ഒററമൂലി" എന്ന നിലയിലല്ലെങ്കിലും അവശ്യം ആവശ്യമായ ഒരു മുന്നുപാധി വ്യക്തമായ സർക്കാർ നയവും ശക്തമായ സർക്കാർ ഇടപെടലുമാണ്. മുതലാളിത്ത രാജ്യങ്ങൾ സ്വതന്ത്രമായ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും അവ കമ്പോളനിയമങ്ങൾക്കനുസരിച്ചല്ല പ്രവർത്തിക്കുന്നത് (കുറഞ്ഞത് മെച്ചപ്പെട്ട സ്ഥാപനങ്ങളെങ്കിലും) എന്നത് മറക്കരുത്. വിദ്യാഭ്യാസത്തിന്റെ സമൂഹ്യധർമ്മത്തെപ്പററിയും ഗുണമേന്മയുടെ പരമപ്രാധാന്യത്തെപ്പററിയും ശക്തമായ അവബോധം ആ സമൂഹങ്ങളിൽ നിലനില്ക്കുന്നുണ്ട്. ദൗർഭാഗ്യവശാൽ അതല്ല നമ്മുടെ അവസ്ഥ. മറ്റൊരു രാജ്യത്തും കാണാത്ത തരത്തിലുള്ള നഗ്നമായ കച്ചവടവത്ക്കരണമാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് തന്നെ ശക്തമായ ജനാഭിപ്രായവും അതിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും അതിനെതിരായി ഇവിടെ ഉയരേണ്ടിയിരിക്കുന്നു.

# വിദ്യാഭ്യാസ അവകാശബിൽ 2005

ഡോ. കെ. എൻ. ഗണേശ്

വിദ്യാഭ്യാസ അവകാശബിൽ - 2005 ആറുവയസ്സുമുതൽ 14 വയസ്സുവരെയുള്ള ഇന്ത്യയിലെ മുഴുവൻ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്താനായി പാർലമെന്റിൽ അവതരിപ്പിക്കപ്പെടുന്ന ബില്ലാണ്. എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം എന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ ഭരണഘടനാപരമായ ബാധ്യത നിറവേററുന്നതിനായി കൊണ്ടുവരുന്ന നിയമമാണിത്.

നിർദ്ദിഷ്ട ബില്ലിന്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

എ. ആറുവയസ്സു തികഞ്ഞ എല്ലാ കുട്ടികൾക്കും പൂർണസമയ പ്രാഥമിക വിദ്യാഭ്യാസത്തിൽ പങ്കെടുക്കാനും പൂർത്തിയാക്കാനുമുള്ള അവകാശമുണ്ടായിരിക്കും.

ബി. ആറുവയസ്സിനും 14 വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികളെയും സ്കൂളിൽ പ്രവേശിപ്പിക്കാനുള്ള നടപടികൾ നിയമം പ്രാബല്യത്തിൽ വന്ന് മൂന്ന് വർഷത്തിനകം പൂർത്തിയാക്കും.

സി. തുല്യമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കും.

ഡി. സാമ്പത്തികമോ സാംസ്കാരികമോ സാമൂഹ്യമോ ഭാഷാപരമോ ലിംഗപരമോ മറേറതെങ്കിലും വിധത്തിലോ ഉള്ള ഒരു തടസ്സവും കുട്ടിയുടെ പ്രാഥമിക വിദ്യാഭ്യാസത്തെ ബാധിക്കുകയില്ല.

ഇ. സ്കൂൾ പ്രവേശനത്തിനുമുമ്പ് പ്രീസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും വളർത്തും.

എഫ്. ഒരു ദേശീയകരിക്കുലം രൂപപ്പെടുത്തുന്നതിനും അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും സ്ററേററ് ഗവൺമെന്റുകൾക്ക് സാങ്കേതികസഹായം നൽകുന്നതിനുമുള്ള ഉത്തരവാദിത്വം കേന്ദ്രഗവൺമെന്റിനായിരിക്കും.

ജി. സ്വന്തം അതിർത്തിയിൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടിയെന്നുറപ്പു വരുത്തുന്നതിനും ആവശ്യമെങ്കിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾ മോണിട്ടർ ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വം പഞ്ചായത്തുകൾക്കായിരിക്കും.

എച്ച്. എല്ലാ ഗവൺമെന്റ് സ്കൂളുകളുടെയും എയിഡഡ് സ്കൂളുകളുടെയും ഭരണം സ്കൂൾ മാനേജ്മെന്റ് കമ്മിററികൾ നിർവഹിക്കും.

ഐ. സ്കൂൾ മാനേജ്മെന്റ് കമ്മിററികളിൽ രക്ഷിതാക്കൾ, അദ്ധ്യാപകർ, പട്ടികജാതി/പട്ടികവർഗക്കാർ മററു പിന്നോക്ക വിഭാഗങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ, സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ പകുതിയെങ്കിലും പേർ - ഇത്രയും പേർ ഉണ്ടായിരിക്കും.

ജെ. സ്കൂൾ മാനേജ്മെന്റ് കമ്മിററികൾ സ്കൂളുകളുടെ വാർഷികവും ദീർഘകാലവുമുള്ള വികസന പദ്ധതികൾ തയ്യാറാക്കും. ഓരോ പ്രദേശത്തിന്റെയും സമഗ്രവിദ്യാഭ്യാസ വികസന പദ്ധതികൾക്കുള്ള അടിത്തറ സ്കൂൾ വികസന പദ്ധതികൾക്കായിരിക്കും

കെ. ഓരോ സ്കൂളിലും അയൽപക്കത്തുള്ള വിദ്യാർ

**കേരളം പോലുള്ള സംസ്ഥാനങ്ങൾ സമ്പൂർണ്ണപ്രാഥമിക വിദ്യാഭ്യാസം തൃപ്തികരമായി കൈവരിക്കുകയും മൈനസ്ടു മുതൽ പ്ലസ്ടു വരെയുള്ള സമഗ്രവിദ്യാഭ്യാസത്തിലേക്ക് നീങ്ങുകയും ചെയ്യുന്നവരാണ്. അവർ ഇതുവരെ നേടിയെടുത്ത അവകാശങ്ങളെ സംരക്ഷിക്കുന്ന ഒരു വകുപ്പുപോലും നിർദ്ദിഷ്ട ബില്ലിലില്ല. അത് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ദോഷകരമായി ബാധിച്ചേക്കാം.**

ത്ഥികളെ പ്രവേശിപ്പിക്കും. അയൽപക്ക വിദ്യാർത്ഥികൾ പ്രവേശനം നൽകി സീററ് ബാക്കി വന്നാലേ മററുപ്രദേശത്തെ കുട്ടികൾക്കു നൽകൂ.

എൽ. എൻ. സി. ററി. ഇ നിർദ്ദേശിക്കുന്ന യോഗ്യതയനുസരിച്ച് മാത്രമേ അദ്ധ്യാപകനിയമനം നടത്തൂ. ഒരിക്കലും 10 ശതമാനത്തിലധികം അദ്ധ്യാപക ഒഴിവുകൾ ഉണ്ടാകാൻ പാടില്ല.

എം. ബോധനമാദ്ധ്യമം, ആദ്യത്തെ അഞ്ചുവർഷത്തെ പഠനത്തിനെങ്കിലും മാതൃഭാഷയായിരിക്കും.

എൻ. കുട്ടികളെ പീഡിപ്പിക്കുന്ന ഒരു നടപടിയും സ്കൂളിൽ അനുവദിക്കുകയില്ല.

ഒ. നിരന്തരവും സമഗ്രവുമായ മൂല്യനിർണയം ഏർപ്പെടുത്തും.

പി. ഈ ഘട്ടത്തിൽ സ്കൂളിൽ പൊതുപരീക്ഷകൾ ഉണ്ടായിരിക്കുകയില്ല. പ്രാഥമിക വിദ്യാഭ്യാസം കഴിയുമ്പോൾ ക്യാപിറേറഷൻ ഫീ നിരോധിക്കും. കുട്ടികളുടെ പ്രവേശനത്തിന് ഇന്റർവ്യൂ മുതലായവയും അനുവദിക്കുകയില്ല. ഇന്നത്തെ സ്ഥിതിയിൽ നിരവധി ഗുണപരമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബില്ലിന്റെ ചില ദോഷവശങ്ങളും തിരിച്ചറിയേണ്ടതുണ്ട്.

1. അയൽപക്കത്തിൽ നിന്നു മാത്രമേ കുട്ടികളെ പ്രവേശിപ്പിക്കാവൂ എന്നു നിർദ്ദേശിക്കുന്നുണ്ട്. പക്ഷെ, അയൽപക്കം ബില്ലിൽ നിർവചിക്കുന്നില്ല. അയൽപക്കത്തിന്റെ അടിസ്ഥാനം ഭൂമിശാസ്ത്രമാണോ, ജനസംഖ്യയാണോ, സ്കൂളിന്റെ സ്ഥാനമാണോ, വാർഡ് മുതലായ വേർതിരിവുകളാണോ? ഈ നിർവചനമില്ലാത്തതുകൊണ്ട് അയൽപക്കം ഇഷ്ടപ്രകാരം കണക്കിലെടുക്കുകയും കുട്ടികൾക്ക് പ്രവേശനം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാം.

2. 'തുല്യമായ ഗുണനിലവാരം' എന്നതിന്റെ നിർവചനം കുട്ടികൾക്ക് സ്കൂളുകളിൽ "പ്രവേശനത്തിനും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുള്ള അർഹത" എന്നാണ്. ഈ നിർവചനം പ്രവേശനത്തിലെ തുല്യതയെ സംബന്ധിച്ചിടത്തോളം ശരിയാണ്. ഗുണനിലവാരം എന്നാൽ ഇതല്ല അർത്ഥം. പഠനബോധനരൂപങ്ങളിൽ തുല്യമായ ഗുണനിലവാരം ഉറപ്പുവരുത്തും എന്ന് ഒരിടത്തും പറയുന്നില്ല.

3. പ്രീസ്കൂൾ, പ്രീപ്രൈമറി സ്കൂൾ എന്നിങ്ങനെ രണ്ടുവിഭാഗം വിദ്യാലയങ്ങളെപ്പററി പറയുന്നു. പ്രീപ്രൈമറി സ്കൂൾ സ്കൂളിനോടു ചേർന്നതും പ്രീസ്കൂൾ അംഗൻവാടികൾ മുതലായവയുമാണ്. സ്കൂളുകളെ സംബന്ധിച്ച നിബന്ധനകൾ പ്രീപ്രൈമറിക്ക് ബാധകമാണ്. പ്രീസ്കൂളുകൾക്കോ? ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടില്ലായ്മ ഇതിൽ ദൃശ്യമാണ്.

4. പൂർണമായി എയിഡഡ് ആയ സ്കൂൾ (Fully aided school) എന്ന ഒരു വിഭാഗം ഉൾപെടുത്തിയിരുന്നു. 14-ാം വകുപ്പിലെ 2-ാം ഭാഗത്തിൽ ഗവൺമെന്റ് ഒരു പ്രൈവററ് സ്കൂളിൽ ചേരുന്ന 25 ശതമാനം വിദ്യാർത്ഥികൾക്കെങ്കിലും ധനസഹായം നൽകണമെന്നാണ് വ്യവസ്ഥ. അതായത് 75 ശതമാനം വിദ്യാർത്ഥികൾ അങ്ങനെയാകണമെന്നില്ല. 100 ശതമാനം വിദ്യാർത്ഥികൾക്കും ധനസഹായം കിട്ടുന്ന സ്കൂളുകളാണ് ഫുള്ളി എയിഡഡ് സ്കൂളുകൾ. അതായത് ഒരേ സ്കൂൾ ഭാഗികമായി എയിഡഡും ഭാഗികമായി അൺ എയിഡഡും ആകാം. ഇന്നത്തെ എയിഡഡ് സ്കൂളിന്റെ നിർവചനത്തിൽ വെള്ളം ചേർക്കുന്ന വ്യവസ്ഥയാണിത്.

5. ഗവൺമെന്റ് സ്കൂളുകളിൽ "സ്പെസിഫൈഡ് കാററഗറി" എന്ന വിഭാഗം നിർദ്ദേശിച്ചിരിക്കുന്നു. അവ എന്തെന്ന് അതതു സമയങ്ങളിൽ ഗവൺമെന്റുകൾ നോട്ടിഫൈ ചെയ്യുമത്രേ. നവോദയ സ്കൂളുകൾ, സൈനിക് സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയവയെയാണ് സൂചിപ്പിക്കുന്നതെങ്കിൽ അതു വ്യക്തമാക്കുന്നതല്ലേ നല്ലത്? നവോദയ സ്കൂൾ എന്തിനാണ് സ്പെഷ്യൽ കാററഗറിയായി നിൽക്കുന്നത്? ഈ വകുപ്പ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ദുരുപയോഗപ്പെടു

ത്തുന്നതിനും സർക്കാർ മേഖലയിൽ നിരവധി വരേണ്യവിദ്യാലയങ്ങൾ വളർന്നുവരുന്നതിനും ഇടയാക്കും; ഗവൺമെന്റിന് അതിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിൽ നിന്ന് പിൻവാങ്ങുന്നതിനും.

6. ഗവൺമെന്റ് സ്കൂളും എയിഡഡ് സ്കൂളും അല്ലാത്തതാണ് അൺ എയിഡഡ് സ്കൂൾ. ഇത്തരം നേതിനേതിനിർവചനങ്ങൾ അപകടകരമാണ്. പൂർണമായി എയിഡഡ് സ്കൂൾ എന്ന നിർവചനം സ്വീകരിക്കുകയാണെങ്കിൽ പിന്നെ മറ്റൊരു അൺ എയിഡഡ് സ്കൂളിന്റെ ആവശ്യമില്ല. എല്ലാ സ്കൂളുകളും അതിൽപെടും.

7. അൺ എയിഡഡ് സ്കൂളുകളിൽ 25% ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ പഠിപ്പിക്കുമെന്നു പറയുന്നു. അങ്ങനെയെങ്കിൽ അവ ഭാഗികമായെങ്കിലും എയിഡഡ് ആയി മാറണം.

8. കൂടാതെ, 25% വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് അൺ എയിഡഡ് സ്കൂളുകൾക്ക് ചെലവാക്കുന്ന പണം ഗവൺമെന്റ് നൽകുമെന്നു പറയുന്നു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഭരണഘടനാപരമായ ബാധ്യതയാണെങ്കിൽ അത് പൂർത്തിയാക്കാനുള്ള ബാധ്യത അൺ എയിഡഡ് മാനേജ്മെന്റുകൾക്കുമില്ലേ? പിന്നെയെന്തിനാണ് ഇത്തരം ഒരു നിർദ്ദേശം? ഗവൺമെന്റ് - പൂർണമായി എയിഡഡ് സ്കൂളുകളുടെ മോണിട്ടറിംഗ് ഗവൺമെന്റ് /പഞ്ചായത്ത് സമിതികൾക്കും അൺ എയിഡഡ് സ്കൂളുകളുടേത് മാനേജ്മെന്റിനുമാണ്. വിദ്യാഭ്യാസരംഗത്ത് ഗവൺമെന്റിന് തുല്യശക്തിയായി അൺ എയിഡഡ് മാനേജർമാർമാറുമെന്നർത്ഥം. അൺ എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് കമ്മിററികളും അവർ തന്നെയാണ്. പഞ്ചായത്ത് സമിതികൾക്ക് അവരുടേ മേൽ മോണിട്ടറിംഗ് അവകാശങ്ങളുമില്ല. പിന്നെയെങ്ങിനെയാണ് 25% ബാധ്യത അൺ എയിഡഡ് സ്കൂളുകൾ നിർവഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

10. അദ്ധ്യാപകനിയമനം സ്കൂൾമാനേജ്മെന്റ് കമ്മിററികൾക്കാണ്. അദ്ധ്യാപകരെ സ്ഥലംമാററം ചെയ്യാൻ പാടില്ല. എൻ സി ടി ഇ മാനദണ്ഡങ്ങളനുസരിച്ചാണ് അദ്ധ്യാപകരെ നിയമിക്കേണ്ടതെന്ന് പറയുന്നുണ്ടെങ്കിലും കേരളത്തിലെ അനുഭവമനുസരിച്ച് സ്കൂൾമാനേജ്മെന്റ് കമ്മിററികൾക്ക് നിയമനാവകാശം നൽകുന്നത് വ്യാപകമായ കോഴക്കും സ്വജനപക്ഷപാതത്തിനും ഇടയാക്കും. പി. എസ്.സി പോലെയുള്ള ഒരു പ്രത്യേക നിയമന ബോർഡ് തന്നെയാണ് ഉത്തമം.

11. അദ്ധ്യാപകർ കുററംചെയ്താൽ ശിക്ഷയുണ്ട്. പിരിച്ചുവിടലൊഴികെയുള്ള മററു ശിക്ഷകൾ നൽകാം. അതു ന്യായവുമാണ്. പക്ഷെ, മാനേജ്മെന്റ് സമിതികൾ കുററം ചെയ്താൽ ശിക്ഷയില്ല. അതിനുള്ള പഴുതുമില്ല. അതേ സമയം, അദ്ധ്യാപകരുടെ നേരെയുള്ള നടപടികൾക്ക് അപ്പീൽ നൽകാൻ ഒരു സമിതിപോലുമില്ല. മാനേജർമാരുടെ ശിക്ഷ അന്തിമമായിരിക്കും!

12. പുതിയ വ്യവസ്ഥകൾ മുഴുവൻ നടപ്പിൽ വരുത്താൻ 'ദേശീയ പ്രാഥമിക വിദ്യാഭ്യാസ കമ്മീഷൻ' എന്ന മൂന്നംഗസമിതി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രമന്ത്രിസഭയുടെ ഒരു ഉപസമിതി നോമിനേററ് ചെയ്യുന്നതാണിത്. ഇന്ത്യയെപ്പോലെ വൈവിദ്ധ്യമാർന്ന പ്രദേശങ്ങളുള്ള രാഷ്ട്രത്തിൽ, ഇത്തരത്തിലുള്ള സർവാധിപത്യസമിതികളാണോ ആവശ്യം? ഇതിനുപകരം എല്ലാ സ്റേററുകൾക്കും പ്രാതിനിധ്യവും ജനാധിപത്യപരവുമായ അവകാശങ്ങളുമുള്ള ഒരു പ്രാഥമിക വിദ്യാഭ്യാസ കൗൺസിലാണ് രൂപീകരിക്കേണ്ടത്.

13. ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 എന്നാണ്. അത് പ്രാഥമിക തലത്തിൽ 1:20 ലേക്കും അപ്പർ പ്രൈമറി തലത്തിൽ 1:30 ലേക്കും നീങ്ങണം.

**നിഗമനങ്ങൾ**

പുരോഗമനപരമായ നിരവധി നിർദ്ദേശങ്ങളുൾക്കൊള്ളുന്നതാണ് വിദ്യാഭ്യാസ അവകാശബിൽ. അതിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തണമെങ്കിൽ ഇന്നത്തെ പഞ്ചായത്തുകളുടെ പ്രവർത്തനരീതിയിലും അവർക്ക് ഇപ്പോഴുള്ള അവകാശങ്ങളുടെ ഘടനയിലും മാററങ്ങൾ വരേണ്ടതുണ്ട്. അയൽപക്ക സ്കൂൾ സമ്പ്രദായം കൃത്യമായി നടപ്പിൽ വരുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അതേസമയം സ്വകാര്യ അൺ എയിഡഡ് മേഖലയുമായി അനുരഞ്ജനം നടത്താനുള്ള വ്യഗ്രതയും നിർദ്ദിഷ്ടബില്ലിൽ കാണാം. ഇപ്പോൾ തന്നെ പൊതുവിദ്യാഭ്യാസത്തെ കാർന്നുതിന്നുന്ന ഈ മേഖലയെ പ്രാഥമിക വിദ്യാഭ്യാസത്തിനും വളരാനനുവദിച്ചാൽ ഈ ബില്ലിലെ നിർദ്ദേശങ്ങൾ തന്നെ ഇല്ലാതാക്കാൻ അവർക്കു കഴിയും. ഏററവുമവസാനമായി, കേരളം പോലുള്ള സംസ്ഥാനങ്ങൾ സമ്പൂർണ്ണപ്രാഥമിക വിദ്യാഭ്യാസം തൃപ്തികരമായി കൈവരിക്കുകയും മൈനസ്ടു മുതൽ പ്ളസ്ടു വരെയുള്ള സമഗ്രവിദ്യാഭ്യാസത്തിലേക്ക് നീങ്ങുകയും ചെയ്യുന്നവരാണ്. അവർ ഇതുവരെ നേടിയെടുത്ത അവകാശങ്ങളെ സംരക്ഷിക്കുന്ന ഒരു വകുപ്പുപോലും നിർദ്ദിഷ്ട ബില്ലിലില്ല. അത് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ദോഷകരമായി ബാധിച്ചേക്കാം.

# Quality in Higher Education

**Dr Rajan Varughese**
Convener, AKPCTA, Academic Committee

There is a growing concern on quality, standard and recognition in higher education. Consequent to this trend, issues of quality in higher education is emerging as a universal compulsion and has led to discussions on its implications in terms of equity, access, etc.

## UNESCO Declaration

The 47th session of the UNECSCO International Conference on Education (Geneva, 8- 11September 2004) accepted the theme *"Quality Education for all Young People."* **Education For All (EFA)** goals were at the centre of all international commitments(Jomtien &,Darkar). **The Millennium Development Declaration, the United Nations Decade of Education for Sustainable Development and the International Literacy Decade** all within essence reflect the quest for quality improvement in education for all young people. The UNESCO declaration among other things, emphasizes

(a) Promoting quality education and training for all young people is essential to securing a better future and constitutes an essential mechanism for combating social exclusion at the local, national and global levels.

(b) the situation prevailing in many developing countries where education systems continue to be insufficiently adapted to the needs of both of young people and the society at large.

(c) the need to help young people confront the challenges of globalization characterized in the context of the emergence of information and knowledge as factors of production.

The UNESCO report on education (**Learning: The Treasure Within**) identifies the following four ingredients for quality assurance in education.

1) **Learning to Know**, by combining a sufficiently broad general knowledge with the opportunity to work in depth on a small number of subjects .This also means learning to learn so as to benefit from the opportunities education provides through life.

2) **Learning to do** ,in order to acquire not only an occupational skill but also more broadly the competence to deal with many situations and work in teams. .It also means learning to do in the context of young peoples social and work experiences which may be informal, as a result of the local or national context, or formal involving course, alternating study and work.

3) **Learning to live together** , by developing understanding of other people and an appreciation of interdependence—carrying out joint projects and learning to manage

conflicts in a spirit of respect for the value of pluralism ,mutual understanding and peace.

4) **Learning to be** ,so as to develop better one s personality and be able to act with ever greater autonomy ,judgment and personal responsibility .In this connection education must not disregard any aspect of a person*s potential: memory ,reasoning, esthetics, sense, physical capacities and communication skills.

## National Education Policy: Need for a National Review

The concern for quality in education is not of recent origin. The Indian University Commission (1902) , the Kothari Commission (1966), the New Education Policy (1986) & Acharya Ramamurthy Report (1990) all suggested major reforms of higher education aiming at quality improvement.

The NEP observation on quantitative growth & starting of autonomous colleges received serious attention from experts & policy makers. The finding that quantitative expansion and quality education are mutually exclusive in practice placed hurdles in the fulfillment of the long run objectives of equity and access in higher education. At the same time mechanism for checking the growth of substandard institution remained ineffective. In the context of the mixed experiences with the system of affiliating, the NPE suggested setting up of autonomous colleges. The privileging of selected institutions and earmarking funds for them introduced some elements of elitism in higher education. It only encouraged the growth of centres of excellence, while the vast majority of higher education institutions remained as academic slums in the periphery.

## Redefining NEP

To compete successfully in the knowledge based economy of the 21st century ,India needs enough universities that not only produce bright graduates for export but also can support sophisticated research in a number of scientific and scholarly fields. The recent ranking of the world*s top 200 universities included three in China three in Hongkong, three in S Korea, one in Taiwan and one in India(IIT at no. 41).This clearly shows that the weak higher education sector constitutes the Achillies Heels of the Indian strategy of faster economic growth in the new global competitive environment. This takes us to a careful perusal of the advantages and weaknesses of higher education system in the country

### Advantages

a) It has a large higher education sector –the 3rd largest in the world in student number.
b) It uses English as a primary language of higher education and research.
c) It has a long academic tradition & academic freedom is respected.
d) There are a small number of high quality institutions, depts. & centres that can form the basis of quality sector in higher education.
e) Education being a subject in the concurrent list ,both the centre & states can formulate a variety of policies & approaches.

## Weaknesses

a) India educates approximately 7 % of its young people in higher education compared with more than half in the industrialized countries and 15 % in China.
b) India has a tiny top tier high quality institutions. None of its universities occupies a solid position at the top ( only the IITs, IIMs &AIIMS).These institutions combined enroll well under 1 % of the student population in India..
c) India*s colleges & universities , just few exceptions, have become large, under-funded ungovernable institutions..
e) The rise in the number of part-time teachers and freeze on new full-time appointments have affected the morale & standards in the academic profession.

f) There is no field of higher education research in India. In China more than two dozen higher education research centres and several govt. agencies are involved in higher education policy.

The newly emerging private sector in higher education can not spearhead academic growth. They can help produce well- qualified graduates in such fields as management, but they can not form the basis for comprehensive research universities. Only public universities have the potential to be truly world class institutions. All the above national and international trends call for a redefinition of national policy on education.

## Accreditation & Quality in Higher Education

NAAC ,NBA and other agencies have attempted to evaluate the performance in institutions of higher learning with their own methodology. The focus is on the functioning of the institution as well as outcomes. Various studies on the functioning of these agencies have revealed the following facts.

(1) NAAC*s agenda is that of excellence at all costs ,even at the cost of equity.

(2) The major stake-holders in higher education including the govt. and universities are not involved in the interactive exercise of assessment of colleges.

(3) The accreditation status (star/grade)has been used for furthering the commercial interest of these institutions.

(4) NAAC accreditation has created a false sense of quality as all institutions that venture for the process are easily accredited.

(5) The activities of these agencies in fact lessened the resistance of the academic community towards commercialization in higher education.

So NAAC's efforts on benchmarking in higher education for quality assessment is a mixed bag which requires critical fine-tuning.

## Restructuring of courses

In order to provide an impetus to the programme of redesigning courses ,the UGC has set up the Curriculum Development Centres( CDC). It took nearly 12 years to bring out the UGC Model Curriculum (2001)for 32 subjects after the first exercise in 1989.But no effort has been taken to implement the same even after the expiry of theUGC deadline in July 31 2002.The student centred curriculum and course with built-in-flexibility are to be hallmark of the new system of learning. There should be a balanced mix of vocational and theoretical subjects for study.

## Support for Research

—Faculty Improvement Progammes under the FYPs

—College Science Improvement Programme(COSIP)

—University Leadership Programme (ULP)

—Social Science Improvement Programme(COSSIP)

Considering the large number of colleges ,the number of colleges that have benefited from these schemes are very small. Further, no assessment is available on the qualitative changes that have taken place due to these programmes.

## State Council of Higher Education

Among the other structural reforms suggested for quality include the setting up of SCHE. The UGC is no position to control the proliferation of colleges being set up by the state govts. So it was suggested the setting up of SCHE.

## Academic Staff College & College Development Councils

ASC,s are set up to provide training/ orientation to teachers to improve the quality of teaching .The over view of the functioning of ASCs indicates while some of them are functioning well ,others are not up to the expectation .Similarly the CDCs were set up to bring about some changes in the quality of

colleges.The latest UGC scheme of providing Rs 1 crore to selected colleges-*Centre of Potential Excellence*- has added a new dimension to its much criticized selective funding programmes as the vast majority of colleges are starved of funds..

## Examination Reforms

### Syllabus Reform

The UGC and AIU have been trying to impress upon universities and colleges the need to completely raise their syllabi to ensure that they have well-demarcated, well-defined units or areas and topics within each unit or area are carefully listed and described. Rewriting the syllabus to improve teaching and learning is a necessary prior step to genuine examination reform. Only a limited number of universities have acted upon the UGC direction regarding syllabus revision.

### Internal Assessment

There are four major reasons for promoting internal assessment. But it cannot be expected to entirely replace the public examination in the foreseeable future.

i. If teachers have some responsibility for evaluating their students they would have some incentive to introduce new topics, expand prescribed topics and try new teaching techniques.

ii. If students know that their teachers have the authority to help determine their final marks or grade, they would pay more attention to classroom activities and the necessity to keep up with readings.

iii. Internal assessment would enable teachers to assess and students to demonstrate many other dimensions of student learning than can be evaluated in public examination of two or three hours duration.

iv. The successful implementation of partial internal assessment can prepare the way to eventual realization of the principle that those who teach must be trusted with the responsibility to evaluate their students. This is an essential precondition for formative evaluation becoming a reality in the future.

### Problems of Internal Assessment

The weightage for internal assessment ranges between 10 and 60 percent marks in institutions that have introduced partial internal assessment. The number of students in undergraduate classes tends to be very large. Coordinating and assessing these students would involve on enormous increase in the teachers' workload. Therefore, they resist the introduction of internal evaluation (J. Indiresan 1983).

Students have frequently expressed fears that their teachers may not be sufficiently objective when assessing personality traits or participation in group projects and seminars.Teachers too, tend to shy away from this reform because either they have not received sufficient training to undertake internal assessment or they do not appreciate their motive being impugned. In fact, majority of the universities in India are not using internal assessment as a valid and meaningful supplement to the external system or as an alternative to it.

### Question Banks

The core of examination reform lies in reforming examination questions. The intention was to create a question bank of different types – for instance essay, short answer, multiple choice – of question for each subject that would be both valid, reliable and appropriate to the abilities of the students and the unique specificities of the subject. Every teacher could and should participate in this exercise of framing question. This would give teachers not only a feeling of involvement but prompt them to explore the interconnections in several ways. Even students could be involved in this exercise.

### Grading system

The present practice in most university examinations is to measure the candidate's performance by assigning marks. In a question

paper set for 100 marks, marks could range from 0 to 100; it is doubtful whether such accuracy is possible in evaluation. Subjective considerations influence marking and hence the marks given by examiners can only be regarded as raw marks rather than true marks. When assessment on a 101 point scale is replaced by a 5-9 point scale it is called grading. It is considered more reliable then marking.

There are two methods of grading – direct and indirect. In direct grading individual answers are given grades directly. In indirect grading marks are allotted in the traditional pattern and then converted into grades with the help of a conversion tables. Indirect grading takes away most of the advantages of the grading system. Direct grading which is superior requires adequate training for the teachers.

## Credit & Semester System

A semester is a self-contained unit, a stage complete in itself, in the total programme for a degree or diploma, having its own course of study and scheme of evaluation and extending over half an academic year. Semesterization involves more than dividing an annual course into two halves. While semester system would take care of the requirements of continuous, cumulative internal evaluation at short intervals of time, the credit system would make personalized internal evaluation meaningful by providing the students a choice in the selection of his/her subjects. Credit and semester system also implies a manageable teacher student ratio for the realization of an effective system of examination.

## Improving the Bureaucracy that Conducts Public Examination

Administrative reform aimed at rooting out inefficiency and corruption at all levels – college and universities, students, teachers non-teaching staff and officers in the university – would require a number of changes in a wide variety of situations beginning with the setting of question papers to the final declaration of results. Statutory provisions for the proper conduct of examinations should be an all out effort to create an awareness in everyone concerned with examination, on the importance of evolving an efficient, fool proof system of examination, which would give a fair estimate of the student performance at a given point of time.

1. Teachers should be trained in the administrative and evaluative dynamics of internal assessment.
2. The strength of classes needs to be determined with direct reference to the optimization of pedagogy.
3. The teaching segment, examination (final) segment, and evaluation segment, generally overlap. The teaching segment is consequently abbreviated to sub-optimum levels. This has to be streamlined so that each segment is designated the optimum time division.
4. Teachers need to be imparted the training necessary for objective administration and evaluation of internal assessment, and semester examinations.

## Cluster of Colleges Scheme

The latest UGC scheme of cluster of colleges aims at maximizing the potential of each college by mutual cooperation and net-working. A communication bridge will be developed between colleges that are geographically close to each other. The UGC expects that the maximum utilization of the best available facilities of one college by other colleges will be made possible through this scheme.A group of such colleges will be known as a cluster. The benefitsof forming a cluster are career planning and placement, programme development, internships and cooperative education assignments . Colleges can pool faculty resources under the scheme. A final scheme is awaited.

A combination of specific conditions and resources are needed to create quality higher education which among other things has to ensure equity and access for all young people in the knowledge-based economy of the 21st century.

Report of the CABE Committee on

# Financing of Higher and Technical Education

## Summary observations and Recommendations

The role of higher education needs no emphasis. It is the engine of economic growth; it is one of the most effective instruments for promoting social, occupational and economic mobility and equity in the society; and it forms a critical condition for transforming the society into a knowledge society. Given (a) the public good nature of higher education (hardly 8-9 per cent of the eligible youth are presently enrolled in higher education, as against a probable thresold level of 20 per cent), and (c) the inequalities in the society in general, and higher education in particular, where marginazied groups such as Scheduled Castes, Scheduled Tribes and economically backward sections are severly under represented, the need for according a high priority for higher education in development planning is obvious. Further, in this overall background, the role of the government in financing also assumes crucial significance. The Government has been repeatedly promising (*The Common Minimum Programme* also reiterates) to raise public spending to the level of six per cent of national income, which currently stands around four per cent.

Keeping in view the above in background, a few following recommandations are made for the improvement of higher and technical education:

1. A significant growth in finance is critically needed for quantitative expansion, for improvement in quality and excellence, and for preserving and promoting equity in higher education. There is need for preparing a detailed perspective plan for the development of higher and technical education, including detailed estimates of resource requirements.
2. State funds for higher education have been on declined in the recent years, though it is increasingly realised that state financing of higher education is important, and that state should make a firm commitment to finance higher education. Generous state funding of higher education is important. After all, it is the practice in most countries. The government - union and the states - must make a firm commitment to sustained funding of higher education institutions, in such way that basic teaching, research and extension activities are not affected in their quality and quantum due to paucity of financial resources.
3. With respect to state funding for higher education, as a thumb rule

a) If 50 percent of the total education budget is being allocated to elementary education, for balanced development of all levels of education, 25 per cent to secondary Education and 25 percent has to be allocated to higher and technical education together. Presently about 15 per cent is allocated to higher and technical education. The suggested normative ratios, however, assume significance, if the total allocation is raised to the level of six per cent of the Gross National Product (GNP) from the current level of about four per cent, as promised by the government. This would mean higher and technical education would together get about 1.5 per cent of the GNP - approximately one per cent for higher education and 0.5 per cent for technincal education. Currently hardly 0.4 per cent is being spent on higher education, and 0.1 per cent on technical education.

b) It would be desirable to fix certain norms regarding the share of education, and share of higher and technical eduction in particular in the total government budgetary resources, so as to ensure a study flow of funds to education and to various sub- sectors with in education.

c) Most public institutions of higher education are saverely starved of basic needs. It may be necessary that an 'operation blackboard' like programme is launched for provision of basic facilities to all universities and colleges in the country. This should ensure a minimum level of human (teachers) as well as basic infrastructure facilities in all colleges and universities. This requires as one - time grant to clear the whole backlong.

d) It is also important that allocations to quality related inputs in higher education, particularly research are substantially increased. Besides professional subjects, liberal arts and sciences also require special attention in this regard. Allocations for research need to be substantially hiked, as it is the research that contributes to quality improvement and excellence in our higher education institutions. It may be worthwhile for the government and the universities to earmark special funds for promotion of research.

e) Similarly, allocations that promote equity in the system, that include particularly scholarships to the weaker sections, need to be considerably enhanced. At present they constitute an insignificant proportion of the total expenditure. At the present stage of development policies, strengthening of scholarship schemes will be of special significance.

f) A block grant system that is inelastic to the genuine needs of the system may not be able to help in promoting development of higher education, and its proper maintenance. Perhaps a proper mix of black grants, maintenance grants, matching grants and development grants has to be evolved that would promote excellence in research support innovations in teaching, strengthen, equity in the system, reward efficiency, being performance linked and at the same time meet all the important needs of the higher education system.

g) The system of grants and the principles of grants - in - aid need to recognise the different needs of the central and state universities, postgraduate and undergraduate institutions, general and professional/technical institutions old and recently founded institutions, etc.

h) The method of making grants needs to be based on transparent criteria and principles.

4. Rates of cost recovery in higher education are already fairly high in many universities, and the scope for any further increase in the cost recovery is extremely limited. Further increases in the same, particularly through student fees, will be highly regressive in effect.

   a) Earlier committees have recommended raising of resources through fees and other sources to the extent of about 20 per cent of the recurring requirements of the universities. This may be considered as a desirable upper level. Revenue generation through student fees beyond 20 per cent may seriously affect access to higher education.

   b) There cannot also be a uniform ratio for all universities and institutions of higher education. It has to be different for central and state universities, general and professional institutions, under graduate and post graduate colleges, etc.

   c) Fees, for this purpose, include tution fee, examination fees, and all other types of fees paid by the students.

5. Given the practical difficulties in having a sound differential fee system in higher education, based on the principle of 'ability to pay' though desirable, the best option left is progressive taxation system, where the affluent are taxed more to benefit the middle and lower income groups. One may have to search for ways and methods of improving the progressiveness in the taxation system, looking beyond the income tax.

6. A sound method of cost recovery is requiring the graduates, particularly professional and technical education provided by the state, to take up employment in public sector and in rural, tribal and remote areas for a minimum period.

7. Given the small number of foreign students in India, high fee rates for foreign students may not necessarily generate huge funds for higher education institutions. However, detailed and sound guidelines may have to be prepared on the admission criteria and fee structure for foreign students, with a view not just to mobilize additional financial resources, but to improve the quality of education, enhancing academic environment in the universities with students coming from various cultures and backgrounds.

8. Extensive reliance on student loan programmes may be counter productive in the long run, creating a view that higher education is not a public good, but a highly individualised private good, as the responsibility of funding shifts from state to households (through introduction of fees) and within families from parents to the children themselves (through loans).

   a) Careful monitoring mechanisms have to be developed so that the loans are available mainly to the economically needy and educationally deserving students to pursue higher education and to protect social and educational values. Educational loan programmes have to be designed keeping educational considerations, and they cannot be run solely on commercial lines by commercial banks.

   b) A body like Higher Education Finance Corporation (HEFC) may be set up with contributions from the government and corporate sector, to co ordinate the student loan schemes being operated by several banks and to provide on its own scholarships and soft loans to students. Scholarships need to be an important area of focus. Both scholarships and loans are to be designed in such a way the economically needy and meritorious students feel assured of the financial assistance.

9. There is need to regulate the growth of self financing courses in higher education institutions. Only those departments in universities and colleges that have excess staff and expertise may offer some self financing courses that may be in demand and are not normally offered in the universities. As such courses tend to be offered at the cost of normal courses, the tendency to start more and more self financing courses needs to be curbed.

10. Growth in distance education programmes also needs to be monitored and regulated, as universities tend to offer more and more programmes in distance education mode, as they generate substantial revenues. Laboratory and even extensive library based courses may not be offered through distance mode, as this defeats the very purpose offering courses in distance mode to those who cannot afford to go to full time formal education. Distance education is certainly not the best way of providing laboratory and library based study and research programmes.

11. Institutions of higher education may be encouraged to forge close links with industry, mainly to improve academic relevance of the programmes being offered by the university. Caution also needs to be taken to see that institutions of higher education do not extensively rely upon corporate sector for funds, as that might affect academic autonomy of the institutions. But it is important to note that only those institutions that enjoy high level of government support generally tend to attract private funds and alumni support as well. Whenever institutions appear to be loosing sources of governmental funding, unfortunately, the private endowments also declines, leading to downward spiral of funds, academic standards and reputation.

12. Industrial sector should recognise that skilled qualified manpower required by the industrial sector can be produced by universities only if the universities are well endowed with finances. Voluntary donations and contributions by private corporate sector to higher education institutions is an important feature of some of the advanced countries. Our corporate sector is yet to learn this basic truth.

13. Non - government and non - student sources of income are negligible and are also un reliable source of fund for higher education. Philantropic contributions need to be encouraged, but the higher education institutions cannot be expected to rely on such funds for performing their basic functions. These resources can be supplementary to meet additional requirements with respect to additional peripheral functions of the institutions. The bottom line is : universities may be encouraged to generate additional revenues from non- governmental sources, without affecting equity, and other academic aspects of the higher education institutions.

14. The growth of private higher education has to be regulated. A detailed regulatory framework has to be developed that would allow only genuinely interested private sector that has - philanthropy and education, and not profit as the main consideration, to enter higher education sector. Tendencies to open profit - seeking private institutions need to be curbed altogether, lest higher education be subject to vulgar forms of commercialisation. At the same time, philanthropy in education, which has rapidly declined to insignificant levels during the last couple of decades, needs to be encouraged by the government through appropriate fiscal incentives. On the whole, the overall roll of private sector in education cannot but be limited.

15. Similarily foreign universities that enter India with a view to exploiting the situation here and essentially to raise resources, need

to be prevented. Though and detailed regulations are required to enable only those foreign universities having high academic standard wishing to provide good quality education and not having commercial considerations as the main factor behind, to be able to use the provisions in WTO/ GATS to enter the higher education scence in India.

16. Some of the resource - saving measures could be highly counter productive. For example their is no justification for non- filling up of thousands of vacant teacher positions in the universities and colleges, a measure that is adopted to save financial resources and also to avoid problems of management of teachers. Certainly such an approach does not lead to sustainable quality higher education. The urgent need to fill up at least many of the vacant posts has to be recognised.
17. It would be desirable to see that the expenditure, specifically the non-plan or the recuring expenditure on higher education is distributed rationally between academic and other activities in the universities and other institutions of higher education. Of the total plan expenditure, core academic activities that include teaching and research may be allocated 60-65 per cent, academic administration 10 - 12 per cent and others including auxilliary service and maintenance 20 - 25 per cent.
18. State funding of higher education out of the tax and non - tax revenues will remain to the best and the only sustainable way of financing higher education. This has both theoretical and empirical advantages. To increase the revenues of the government, so that goverment increases its allocations to higher education, one may have to think of additional general and special taxes for higher education, rather than looking at user charges like student fees.
19. While the need for expansion of higher education facilities is obvious, it is important to see that proliferation of poor quality and unviable universities, colleges and other institutions of higher eduction does not take place. The growth in the higher education institutions has to be based on sound criteria.
20. Lastly the database on higher education in the country is very weak. Ministry of Human Resources Development used to publish reasonably good amount of data on higher education in their annual publication *'Education in India'*. But it ceased to cover higher education since the mid 1980s, and as a result a huge vacum exists on data on various aspects of higher education. It is important that MHRD and UGC launch a programme, on a priority basis, of building up a strong database on higher education.

At the end, we may underscore two points to avoid familliar confusion.

Though finances do not solve all problems, they are absolutely necessary for any improvement, even for maintenance of the system. It can be said that though finances are not a sufficient condition for development, they form a crucial necessary condition for development of higher education. In adequate funding certainly would seriously affect the quality and quantum of our higher education, which will have further implications for growth and equity.

Secondly, when we are arguing in favour of funding higher education, it does not mean that we are arguing against school education. All levels of eduction are important, and they are interdependent. All levels of education need sustained funding from the government. In this context, it's relevant to quote Surendranath Banerjee from his presidential address to the Congress Party in 1895.

*"We are not in favour of High Education vs. Primary Education. We are in favour of all education, high and low. They act and react upon each other. They are part and parcel of a common and indissoluble system."*

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

RoundWest,Thrissur-680001 Phone:0487-2335292,2335570
E-mail:cosmobooks@asianetindia.com

## BRANCHES

Kozhikode
Rly.Station Link Road
Ph:0495-2703487
Fax:0495-2700049
E-mail:cosmoboo@sancharnet.in

Ernakulam
Press club Road
Ph:0494-2353818

# COSMOBOOKS

(SCHOOL DIVISION)
Room No.10/342 B-1, Taj Complex, PM Taj Road,
Kozhikode-673 001, Phone:2724622

# Unsustainable Nature of Globalisation

## Human Development Report (HDR) 2005

The Human Development Report (HDR) 2005, has placed India on a Human Development Index (HDI) ranking at 127 out of total 177 countries. This was the same position that India held last year. During the BJP led NDA's rule India had slipped from a ranking of 121 to 124 and then further to 127. Mercifully, this decline has been arrested. India's rank on the Human Poverty Index is 58 out of 103 developing countries. On Gender Development Index, India's rank is 98 out of 140 countries.

The general decline in the levels of human livelihood in India, was an important factor that shaped the result of the 2004 general elections. The urgent need to address the core issue of improving the living standards of the vast majority of the Indian people, therefore, constituted an important element of the Common Minimum Programme of the present UPA government. This content reflects the present political correlation in India whereby the UPA government cannot exist without the support of the Left. The CPI(M) has been consistenly advocating that the pro-people commitments made in the Common Minimum Programme must be implemented in right earnest if the Indian people's decline into deeper poverty and insecurity has to be arrested and reversed. This requires the reorientation of the focus of economic reforms in India - shift from being solely preoccupied with the corporate profit towards improving people's welfare.

The Human Development Reports prepared annually by the United Nations Development Programme (UNDP), has in a way, substantiated this understanding. It has underlined a fact that we have often repeated in these columns that human development advances cannot come automatically with economic growth. The HDR 2005 notes : *"Translating economic success into human development advances will require public policies aimed explicitly at broadening the distribution of benefits from growth and global intergration. increased public investment in rural areas and services and above all - political leadership to end poor governance and address the underlying causes of gender inequality."*

Further, the CPI(M) has been underlining that a positive impact of economic growth can come only with increased investment in social infrastructure. The HDR 2005 vindicates this understanding for India by stating. *"Overcoming the legacy of decades of under investment in human development and deep - rooted gender inequlities poses immense challenges. Political leadership of a high*

*order will be needed to address these challenges. Failure to provide it and to extend health and education opportunities for all, regardless of wealth and gender, will ultimately act as a constraint on India's future prospects in the global economy."*

Addressing a larger question, the HDR 2005 poses the following : *"Why has accelerated income growth not moved India onto a faster poverty reduction path?* It notes : *"The incidence of income poverty has fallen from about 36 per cent in the early 1990s to somewhere between 25 per cent and 30 per cent today. Precise figures are widely disputed because of problems with survey data. But overall the evidence suggests that the pick - up growth has not transilated into commensurate decline in poverty. More worrying improvements in child and infant morality are slowing and India is now off track for these millennium Development Goals (MDG) targets"*

Further, the report notes: *"At a national level, rural unemployment is rising, agricultural output is increasing at less than 2 per cent a year agricultural wages are stagnating and growth is virtually jobless. Every one percent of national income growth generated three times as many jobs in the 1980 s and in the 1990 s.*

*'The Deeper problem facing India is its human development legacy. In particular pervasive gender in equalities interacting with rural poverty and inequalities between states , is undermining the potential for converting growth into human development.*

*"Perhaps the starkest gender inequality is revealed by this simple fact: girls ages 1 - 5 are 50 per cent more likely to die than boys. This fact translates into 1,30,000 'missing' girls female mortality rates remain higher than male mortality rates through age 30, reversing the typical demographic pattern. These gender differences reflect a widespread preference for sons, particularly in northern states, .... About one - third of India's children are under weight at birth, reflecting poor maternal health.*

"Inadequate public health provision exacerbates vulnerability. Fifteen years after universal childhood immunisation was introduced, national health surveys suggest that only 42 per cent of children are tally immunised. Coverage is lowest in the state with the highest child death rates and less than 20 per cent in Bihar and Uttar Pradesh. India may be a world leader in computer software services, but when it comes to basic immunisation services for children in poor rural areas, the record is less impressive."

To tackle problems of such a dimension, it is absolutely imperative that the UPA government must undertake to urgently translated the commitments made in the Common Minimum Programme with regards to massive increase in investments in agriculture, health. education etc. The Rural Employment Guarentee Scheme and the rural health mission along with the cess on education for increasing in this area are beginnings that need to be consolidated and strengthened with urgency. The Indian people expect this UPA government to move in this direction. The CPI(M) and the left shall , exercising its strength and influence urge the government to proceed faster in this direction.

At the global level, the HDR 2005 has in a sense vindicated, many aspects that were analysed in the reports of the CPI(M)'s 18th congress. The current phase of imperialist globalisation, we have maintained is simply unsustainable because of growing levels of poverty and alarmingly rising levels of economic inequalities. These tend to shrink the global market due to declining purchasing power in the hands of the vast majority of the people. This, in itself, acts as a powerful brake on capitalist development itself, making current imperialist globalisation unsustainabale. The HDR 2005 reveals that:

- *Of the 73 Countries for which data are available, 53 (with more than 80 per cent of the world's population) have seen inequality rise.*
- *1 billion people lack access to safe water.*
- *1 billion people survive on less than 1$ a day*
- *2.6 billion people lack access to improved sanitation*
- *18 countries with a combined population of 460 million people registered lower scores on the HDI in 2003 than in 1990. Fifty countries with a*

*combined population of almost 900 million people are going backwards on at least one MDG.*

- *The richest 20 percent hold three - quarters of the world's income and the poorest 20per cent hold 1.5 per cent of the world's income. The world's 500 richest people have more income than the poorest 416 million people.*

Exposing myth that international aid to overcome poverty is the benevolence of the advanced development countries, the HDR 2005 shows that "Tied aid costs low income countries $ 2.6 billion a year - a tied - aid tax of about 8 per cent."

It also shows that the demands for raising the level of international aid to 0.7 per cent of the GDPs of the developed countries (which is the estimate to eradicate poverty in the world) is less than $118 billion increase in military spending between 2000 and 2003.

At another level, the HDR 2005 reinforces the understanding reflected in these columns in the past regarding the WTO negotiations being highly favourable to the advanced countries at the expense of the world's poorest countries. The report decrise what it calls perverse taxation, under which the world's poorest countries face the highest tariffs in rich countries, and examines the impact on the poor of agricultural subsidies and protectionism in wealthy industrialised nations. Donor countires, the Report shows, spend $1 billion a year aiding agriculture in developing countries and $1 billion a day on domestic subsidies that undermine the world's poorest farmers. At the same time, the report warms that the European Union and the US are restructuring their subsidy programmes to limit the effectiveness of WTO disciplines.

The overall effects of agricultural protectionist measures and subsidies in wealthy countries, the report estimates cost developing countries close to $72 billion a year - an amount equivalent to all official aid flows in 2003.

In other words, the HDR 2005 sharply exposes the growing inequalities and the immiserization of the vast majority of the world's of the world's population in this phase of imperialist globalisation. Though the HDR 2005 talks in terms of a political will and a deeper commitment to eradicate poverty and offer better living conditions for the majority of world's population, it is clear that such a political will is in direct conflict and contradiction with the very character of capitalist development. As the 18th congress of the CPI(M) declared, the only alternative to this exploitative world capitalist order is socialism. The wealth of information contained in the HDR 2005 amounts to a virtual indictment of the global capitalist order.

*Courtesy: Editorial, PD Sept. 12th 2005*


**ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്**

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ. സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**ഓരോ ബ്രാഞ്ചിലെ മൊത്തം വരിക്കാരുടെ എണ്ണം അടിയന്തിരമായി അറിയിക്കുക. അംഗങ്ങളല്ലാത്ത വരിക്കാരുടെ വരിസംഖ്യ എത്രയും പെട്ടെന്ന് മാനേജിംഗ് എഡിറററുടെപേർക്ക് അയയ്ക്കുക.**
**വാർഷിക വരിസംഖ്യ 75 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-2440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432
ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-2463494, Fax: 0471-2468984. e-mail:akpcta@sancharnet.in

www.akpcta.org

# 2005 സെപ്തംബർ 29 ദേശീയ പണിമുടക്ക് വമ്പിച്ച വിജയം

പണിമുടക്കാനുള്ള അവകാശം നൽകുന്ന നിയമനിർമ്മാണം നടത്തുക, പെൻഷൻ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, 6-ാം ശമ്പള പരിഷ്കരണ കമ്മിഷനേയും യു ജി സി പേ റിവ്യൂ കമ്മിററിയേയും നിയമിക്കുക, നിയമന നിരോധനം പിൻവലിക്കുക, ബോണസ് പരിധി നീക്കം ചെയ്യുക, പി. എഫ്. പലിശ നിരക്ക് 12% ആയി പുനഃസ്ഥാപിക്കുക, പൊതുമേഖല സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ദേശവ്യാപകമായി നടന്ന പണിമുടക്ക് കേരളത്തിലെ വിദ്യാഭ്യാസമേഖലയുടെ പ്രവർത്തനവും സർക്കാർ ആഫീസുകളുടെ പ്രവർത്തനവും പൂർണ്ണമായി സ്തംഭിപ്പിച്ചു. ദേശീയ പണിമുടക്കിൽ പങ്കുചേർന്ന മുഴുവൻ കോളജ് അദ്ധ്യാപകരേയും എ. കെ. പി. സി. ടി. എ സംസ്ഥാന കമ്മററി അഭിനന്ദിച്ചു.


സ്വാദ് വാചകത്തിലല്ല.,
പാചകത്തിൽ തന്നെ!!!
PANDA FOODS
PANDA
പാണ്ട ഫുഡ്സ് ആസ്വദിക്കൂ, എന്നും!!
ശുദ്ധം- സ്വാദിഷ്ടം

# വിയന്നാവോട്ട് - വിലയിടിഞ്ഞ നയതന്ത്രം

എം. എസ്. വസന്തകുമാർ
എസ്. എൻ. കോളജ്, കൊല്ലം

സെപ്ററംബർ 24 ന് വിയന്നയിൽ ചേർന്ന IAEA (അന്താരാഷ്ട്ര ആണവോർജ ഏജൻസി) യുടെ ബോർഡ് ഓഫ് ഗവർണേഴ്സ് സമ്മേളനത്തിൽ ഇറാന് എതിരെ ഇ യു - 3 കൊണ്ടു വന്ന പ്രമേയത്തെ അനുകൂലിച്ച് ഇന്ത്യ വോട്ടു ചെയ്തിരിക്കുന്നു. ഇ യു 3 അഥവാ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളായ ബ്രിട്ടൻ ജർമ്മനി ഫ്രാൻസ് എന്നിവ ഇറാൻ ആണവ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിന് എതിരെ ആയിരുന്നു പ്രമേയം കൊണ്ടുവന്നത്.

ഇതുവഴി മൻമോഹൻസിംഗ് ഗവൺമെന്റും ഇന്ത്യാമഹാരാജ്യത്തിന്റെ അന്തസ്സുററ ചേരിചേരായ്മ ഉപേക്ഷിച്ചിട്ട് 'തന്ത്രശാലിതമായ' ഒരു അമേരിക്കൻ സൗഹൃദാർജനത്തിന് തുനിഞ്ഞിരിക്കുന്നു. യു പി എ ഗവൺമെന്റിന് മിത്രഭാവമുള്ള ദേശീയ പാർട്ടികളോടോ രാഷ്ട്രീയ ശത്രുസ്ഥാനീയരോടോ പേരിനു പോലുമുള്ള കൂടിയാലോചന നടത്തിയില്ല എന്നു മാത്രമല്ല സർക്കാരിനകത്തുപോലും ആലോചിക്കാതെ കണ്ടത്രെ അത്യന്തം പ്രാധാന്യമുള്ള ഈ നിലപാട് എടുത്തിരിക്കുന്നത്.



IAEA യിൽ 35 അംഗങ്ങളുണ്ട്. ആണവ നിർവ്യാപന കരാറിന്റെ പല അവസരങ്ങളിലുള്ള ലംഘനം, പരാജയം, IAEA നിയമാവലിയിലെ പന്ത്രണ്ട് സി എന്ന വകുപ്പിന്റെ ലംഘനം, ആണവനയത്തിന്റെ ഗോപ്യസ്വഭാവം തുടങ്ങിയ ആരോപണങ്ങൾ ഇറാന്മേൽ ചുമത്തിയാണ് ഇ യു 3 സംഘം പ്രമേയം രചിച്ചത്. പ്രമേയത്തെ അനുകൂലിച്ച് 22 രാജ്യങ്ങൾ വോട്ട് ചെയ്തു. റഷ്യയും ചൈനയും വോട്ടിംഗിൽ നിന്ന് വിട്ടുനിന്നു.

റഷ്യൻ നിലപാടിൽ നിന്ന പത്ത് രാജ്യങ്ങൾ വേറെയുമുണ്ട്. എതിർത്ത് വോട്ട് ചെയ്തത് വെനിസുല മാത്രം. പ്രമേയത്തിന്റെ ചർച്ചാവേളയിൽ അതിന്റെ ഉള്ളടക്കത്തെ വിമർശിക്കയും എതിർക്കയും ചെയ്ത രാജ്യമാണ് റഷ്യ. റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോപ് പറഞ്ഞത് ഇറാൻ IAEA യോട് സഹകരിച്ച് പോകുന്ന രാജ്യമാകയാൽ ഇറാന് എതിരായി ഇത്തരമൊരു പ്രമേയം തന്നെ അനാവശ്യമാണ് എന്നാണ്. നോൺ പ്രോലിഫെറേഷൻ ട്രീററി (NPT ആണവനിർവ്യാപന കരാർ) വ്യവസ്ഥകൾ അനുസരിച്ച് സമാധാനപരമായ ഊർജ ആവശ്യങ്ങൾക്ക് ഏതു രാജ്യത്തിനും യുറേനിയം സമ്പുഷ്ടപ്പെടുത്താവുന്നതാണ്. അതിനാൽ ഈ നടപടി ഇതര രാജ്യങ്ങൾക്ക് ആശങ്ക ഉളവാക്കുന്ന ഒന്നത്രെ എന്ന് ബ്രസീൽ പ്രസ്താവന നടത്തി.

ഇറാനെ സംബന്ധിച്ച 'ആണവ ക്രമക്കേടുകൾ' IAEA യുമായി ചർച്ചചെയ്ത ഇറാൻ ദൂരീകരിച്ചതും ഏതാണ്ട് സെപ്ററംബർ 2 ഓടെ IAEA ഡയറക്ടർ ജനറൽ ഇറാനെ സംബന്ധിച്ച് നല്ലൊരു അളവുവരെ അനുകൂലമായ ഇടക്കാല റിപ്പോർട്ട് IAEAയ്ക്ക് സമർപ്പിച്ചതും ആണെന്നിരിക്കെയത്രെ 24-ാം തീയതിയിലെ പ്രമേയം.

ഊർജ്ജം, വ്യാപാരം, വ്യവസായം തുടങ്ങിയ മേഖലകളിൽ ഇറാനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള റഷ്യയും ചൈനയും വോട്ടിങ്ങിൽ നിന്ന് വിട്ട് നിന്നപ്പോൾ മൻമോഹന്റെ ഭാരതം നയതന്ത്ര മര്യാദകളെ കാററിൽ പറത്തി. ഇറാനെ ഇറാക്കിനെ എന്നപോലെ വേട്ടയാടാൻ ഒരുമ്പെടുന്ന ബുഷിന്റെ അമേരിക്കയുടെ മുൻകയ്യിൽ പടയ്ക്കപ്പെട്ട പ്രമേയ ആഭാസത്തിന് കൈപൊക്കിയ ഭാരതപ്രതിനിധി ഉപജാപകവൃത്തി ചെയ്യുകയായിരുന്നു. മൻമോഹൻസിംഗ് അവകാശപ്പെടുന്ന തന്ത്രശാലിതയ്ക്ക് വീണിടത്ത് കിടന്നുരുളന്നതിന്റെ അപഹാസ്യതയേ ഉള്ളൂ എന്നത് വ്യക്തമാണ്. ഇന്ത്യയുടെ വിദേശനയത്തെയും പദവിയെയും ഹാനികരമായി ബാധിക്കുന്ന മാററങ്ങൾ ഈ വിയന്നാ വോട്ടുകൊണ്ടുവരും എന്ന് അഭിജ്ഞകേന്ദ്രങ്ങൾ വിലയിരുത്തുന്നു. കഴിഞ്ഞ ഒന്നരവർഷക്കാലമായി യു.പി. എ ഗവൺമെന്റ് ഒളിഞ്ഞും തെളിഞ്ഞും ആഗോളവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും കീഴടങ്ങി നടത്തുന്ന പൊതുമിനിമം പരിപാടിയിൽ നിന്നുള്ള വ്യതിചലനം നിരീക്ഷണത്തിനും വിമർശനത്തിനും അപ്പോഴപ്പോഴുള്ള തിരുത്തലിനും വിഷയീഭവിച്ചിട്ടുണ്ട്. എന്നാൽ ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിൽ ഇന്ത്യയ്ക്ക് സ്ഥാനം നേടുന്നതിന് ജപ്പാൻ, ജർമ്മനി, ബ്രസീൽ എന്നീ രാജ്യങ്ങളെക്കൂടി സംയോജിപ്പിച്ച് രൂപീകരിച്ച ചതുർശക്തി മൻമോഹൻ സർക്കാരിന്റെ പ്രശംസനീയമായ നയതന്ത്രമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. അമേരിക്കയുടെ ഏകധ്രുവാധിപത്യത്തിനുള്ള നീക്കത്തെ ചെറുക്കാൻ ഏഷ്യ കേന്ദ്രീകരിച്ച് ഉണ്ടായ റഷ്യ- ചൈന - ഇന്ത്യ ത്രിമൂർത്തി സഖ്യവും പ്രശംസയ്ക്ക് അർഹമായിട്ടുണ്ട്. കാശ്മീർ പ്രശ്നത്തിലെ നവപ്രവണതകൾ ആശാസ്യമാണ് എന്നതും മൻമോഹൻ ഗവൺമെന്റിന്റെ തിളങ്ങുന്ന മുഖമാണ് കാട്ടുന്നത്. ഇന്ത്യാ - ചൈന സംഘർഷങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞതും നല്ല കാര്യമത്രെ. ഈവകയെല്ലാം കരിപുരണ്ടുപോകുന്ന അബദ്ധമാണ് അമേരിക്കൻ ദാസഭാവത്തിൽ ചെയ്ത വിയന്നവോട്ട്.

നെഹ്രുവിന്റെയും പട്ടേലിന്റെയും കൃഷ്ണമേനോന്റെയും ഇന്ദിരാഗാന്ധിയുടെയും നേതൃത്വകാലത്ത് ഉപജാപശൈലിയോ വിലക്ഷണമായ വിദേശവിധേയത്വമോ പ്രകടമായതായി എതിരാളികൾപോലും ആരോപിച്ചിട്ടില്ല.

ഇന്ത്യ ആണവ നിർവ്യാപനവ്യവസ്ഥ അംഗീകരിച്ച രാഷ്ട്രമല്ല. 1974 ലും 1998 ലും ഇന്ത്യ ആറ് ആണവസ്ഫോടനപരീക്ഷണങ്ങൾ വിജയകരമായി നിർവ്വഹിച്ച രാഷ്ട്രമാണ് അമേരിക്കാദിശക്തികൾ അണുശക്തിയിൽ അഹങ്കരിച്ച്, അക്കാര്യത്തിൽ തങ്ങളുടെ കീഴെയുള്ള രാഷ്ട്രങ്ങളെ തങ്ങളുടെ ചൊല്പടിക്ക് നിർത്തുന്ന വ്യവസ്ഥകൾ അടിച്ചേൽപ്പിക്കുന്ന നിർമമത്വം കാട്ടുന്നവരാണ്. അവരെപ്പോലെ പെരുമാറി അവരോട് കൂട്ടുകൂടി ഇന്ത്യ അംഗീകരിക്കാത്ത എൻ പി ടി വ്യവസ്ഥകൾ ഇറാൻ ലംഘിച്ചുവെന്നോ പാലിച്ചില്ലെന്നോ പറയുന്ന പ്രമേയത്തെ അനുകൂലിക്കുന്നത് ഏത് നീതിബോധത്തിന്റെ പേരിലാണ്?

ഇക്കഴിഞ്ഞ ജൂലൈ 15ന് അമേരിക്ക സന്ദർശിച്ച പ്രധാനമന്ത്രി സിംഗ്, ആ രാഷ്ട്രവുമായി സിവിലിയൻ ആണവ സഹകരണ കരാറിൽ ഒപ്പുവയ്ക്കുകയും, 1947 ന് ശേഷം ആദ്യമായി അമേരിക്കയുമായി തന്ത്രപരമായ സഖ്യത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സിംഗിനെ അമേരിക്കയിലേക്ക് ക്ഷണിക്കാൻ വന്ന അമേരിക്കൻ സ്റേററ് സെക്രട്ടറി കൊണ്ടാലീസറൈസ് ഇന്ത്യാ- ഇറാൻ പൈപ്പ് ലൈൻ കരാറിനെ പരസ്യമായി വിമർശിച്ചിരുന്നു. ഇന്ത്യ അതിൽ നിന്ന് പിന്മാറണമെന്ന് റൈസ് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പരക്കെ വിമർശിക്കപ്പെട്ട ഈ അഹങ്കാര വിശേഷങ്ങളുടെ പശ്ചാത്തലത്തിലാണ് വിയന്നാ പ്രമേയം എന്നത് അതിന്റെ

ഉപജാപകസ്വഭാവം കൂടുതൽ സ്ഥാപിക്കപ്പെടുന്നു.

ചേരിചേരായ്മയിൽ നിന്നും ഇസ്ലാമികരാഷ്ട്രചങ്ങാത്തത്തിൽ നിന്നും ഇന്ത്യയുടെ തെന്നിമാറൽ വാജ്പേയി ഗവൺമെന്റിന്റെ കാലത്തെ പ്രകടമായിരുന്നു. ഇസ്രായേലുമായുള്ള പുതുകൂട്ടിന്റെ ഊഷ്മളത യശ്വന്ത് സിൻഹയുടെ കാലത്ത് ആരംഭിച്ചിരുന്നു. ഇസ്രായേൽ ഇന്ത്യയ്ക്ക് ആയുധവിപണനം ചെയ്യുന്നവരിൽ മൂന്നാം സ്ഥാനത്ത് അന്ന് എത്തിക്കഴിഞ്ഞിരുന്നു. തന്നെയുമല്ല 2003 ൽ ആണവ നിർവ്യാപനത്തെ സംബന്ധിച്ച മറ്റൊരു പ്രമേയത്തിൽ ഇറാൻ 13 ആണവനിർവ്യാപന നടപടികൾ ആവശ്യപ്പെട്ടിരുന്നു. ഇറാന് ആനുകൂല്യമായി പലരാഷ്ട്രങ്ങളും അന്ന് വോട്ടുചെയ്തിരുന്നു. ഇന്ത്യ അക്കൂട്ടത്തിൽ ഇല്ലായിരുന്നു. യു എസ് എ, യു കെ, ഫ്രാൻസ്, റഷ്യ എന്നീ വല്യേട്ടന്മാർക്കൊപ്പം ആയിരുന്നു ഭാരതം അപ്പോൾ പ്രമേയ പക്ഷങ്ങളിൽ വിരുദ്ധ ചേരിയിൽ ഇറാനും ഭാരതവും എത്തുന്നത് സെപ്ററംബർ 24ന് അല്ല എന്ന് സാരം.

ഒടുവിലത്തെ വോട്ട് ഇറാനെ ക്ഷോഭിപ്പിച്ചിരിക്കുന്നു. ഇറാനെതിരെ കൈപൊക്കിയ 22 രാജ്യങ്ങളേയും ഇറാൻ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാകും എന്ന് പ്രഖ്യാപിച്ച് വിരട്ടിയിരിക്കുന്നു. ഇന്ത്യയുടെ കാര്യത്തിൽ ഇത് ജൂണിൽ ഇന്ത്യയും ഇറാനും ഏർപ്പെട്ട അഞ്ച് ദശലക്ഷം ടൺ ദ്രവീകരിച്ച പ്രകൃതിവാതക വിപണന കരാറിന്റെ ലംഘനമാകാം ഇറാൻ ഉദ്ദേശിക്കുന്നത്. 2010 മുതൽ 2035 വരെ കപ്പൽമാർഗ്ഗം ഇന്ത്യക്ക് നൽകേണ്ട പ്രകൃതിവാതകം ഉപരോധിതമാകും എന്ന് സാരം. പാകിസ്ഥാനിലൂടെയുള്ള വാതക കുഴൽ വീഥിയാവും അവതാളത്തിലാകുന്ന മറ്റൊന്ന്.

ഇറാൻ പ്രശ്നം IAEA യിൽ ഒതുക്കി തീർക്കാനാണ് തങ്ങൾ വോട്ട് ചെയ്തത് എന്ന് ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ശ്യാംസരൺ പറയുന്നു. സെക്യൂരിററി കൗൺസിലിലേക്ക് ഇറാന്റെ ആണവപ്രശ്നം എത്താതിരിക്കാനത്ര വിയന്നാ വോട്ട് എന്നാണ് പ്രതിരോധകാര്യമന്ത്രി പ്രണബ് മുഖർജിയുടെ പക്ഷം.

ഇറാന് ആണവനിലയങ്ങൾ പണിയാൻ പ്രോത്സാഹനവും ഒത്താശയും നൽകിയത് അമേരിക്കയാണ്. അത് 1960 ൽ ഇത്തരം ഇരട്ടത്താപ്പ് അമേരിക്കയുടെ മുഖമുദ്രയാണ്. ഇറാൻ - ഇറാഖ് യുദ്ധത്തിൽ ഇറാക്ക് ആക്രമണത്തിൽ ..... എല്ലാം അത്ഭുതകരമായ ദ്വൈതസ്വഭാവം അമേരിക്ക കാട്ടിയിരുന്നു. ഇറാനിൽ ഷാ എന്ന അമേരിക്കൻ പാവ ഭരിച്ചപ്പോൾ അവിടെ അണുവായുധം എന്നല്ല അതിലും വലിയ പൊല്ലാപ്പ് ഇരുന്നാലും കുഴപ്പമില്ലല്ലോ. ഖൊമൈനിയുടെ വരവോടെ ഇറാക്ക് - പക്ഷപാതവുമായി സ്ഥലംവിട്ട അമേരിക്ക, ഇറാക്ക് കീഴ്പ്പെടുത്തുന്ന കാഴ്ച നിസ്സംഗം നോക്കിനിന്നതാണ് ഈ ഭൂമി. പിന്നീട് ഇറാൻ ആണവപരിപാടി രഹസ്യമായിട്ടാണ് തുടർന്നത്.

വിയന്നയിൽ ഇന്ത്യയുടെ നിലപാട് വെനിസുലയുടെ എതിർപ്പ് ആയിരുന്നെങ്കിൽ എന്ന് ആശിക്കുന്നത് അതിരുകടന്ന മോഹമാകാം. റഷ്യയുടേതും ചൈനയുടേതുംപോലെ വിട്ടുനിൽക്കാമെങ്കിലും ആകാമായിരുന്നു എന്നതിന് രണ്ടുപക്ഷമില്ല. പക്ഷെ എന്തുസാങ്കേതികത്വമാണ്, എന്ത് നീതിബോധമാണ് എന്ത് യുക്തിയാണ് റഷ്യയെയും ചൈനയേയും ഇറാന്റെ ന്യായങ്ങളെ അനുകൂലിക്കാതിരിക്കാൻ പ്രേരിപ്പിക്കുന്നത്! ഒന്ന് വ്യക്തം ഇന്ത്യയ്ക്കോ റഷ്യയ്ക്കോ ചൈനയ്ക്കോ തങ്ങളുടെ തന്ത്രപരതയുടെ ശക്തിയും സ്വാധീനതയും ആത്മവിശ്വാസത്തോടെ ഉൾക്കൊള്ളാൻ കഴിയാത്തതാണ് അമേരിക്കൻ അവകാശത്തിന്റെ പൊരുൾ. ഇറാൻ സ്വന്തമായ ആണവനയം തുടരാൻ ശഠിക്കുന്നത് ലോകശാന്തിക്ക് ഭംഗം വരാത്ത ഉപാധികൾക്ക് കീഴടങ്ങാൻ സന്നദ്ധമായിക്കൊണ്ടുതന്നെ എന്നിരിക്കെ, ഇസ്രായേൽ പോലുള്ള പശ്ചിമേഷ്യൻ സമാധാനത്തിന് ഭീഷണിയായ ശക്തികളുടെ വെള്ളം കലക്കലിന്റെ ഒത്താശയോടെയാണ് അമേരിക്കൻ നേതൃത്വത്തിലുള്ള ഇറാന് എതിരായ നീക്കം. ഇറാൻ ആണവായുധം നിർമ്മിക്കുന്നു എന്ന ഇസ്രയേലിന്റെ ആരോപണത്തിന്റെ പശ്ചാത്തലത്തിൽ കൂടി പ്രശ്നം വിലയിരുത്തിയാൽ, സ്വാസ്ഥ്യം എത്രമാത്രം കെടാൻ പോകുന്നു എന്ന് ഊഹിക്കാം.

നവംബറിൽ IAEA ഗവർണർ ബോർഡ് കൂടുമ്പോൾ, ഇറാൻ പ്രശ്നം ചർച്ച ചെയ്യേണ്ട തലങ്ങളിലെല്ലാം ചർച്ച ചെയ്ത് നിലപാട് തിരുത്താനുള്ള സുവർണ്ണ അവസരമാണ് ഭാരതത്തിനുള്ളത്. ഇത് ആദർശത്തിൻെറ പ്രശ്നം തന്നെയാണ്. ആദർശം വെടിഞ്ഞുള്ള ദേശീയ താല്പര്യമല്ല ഇന്ത്യ ഇതപര്യന്തം പ്രാമുഖ്യം കൊടുത്തുപോന്നിട്ടുള്ളത്. ഒരു ഇന്ത്യൻ വിദേശകാര്യ വക്താവ് പറഞ്ഞത്രെ "We have to be guided by national interests rather than ideological preoccupation." ഇത്തരം വാചകക്കസർത്തുകൾ പറഞ്ഞ് പററിപ്പോയ നാണംകെട്ട അമളി സ്ഥാപിക്കേണ്ട വിഷയമല്ല ഇത്. ലോകസമാധാന സംസ്ഥാപനമാണ് ധീരമായ നിലപാടുകളിലൂടെ സാദ്ധ്യമാവുക. സങ്കുചിതമായ ദേശീയ താല്പര്യത്തിന് പുല്ലുവില പോലുമില്ല.

# Genetically Modified (GM) Foods

P.S. Mohan Kumar
Sree Sankara College, Kalady

Genetic modification in crops is a recent development in the field of plant biotechnology. It is the introduction of a pure gene from a source into a targeted plant to achieve greater output. These plants are more profitable to farmers, where controversy also exists with regard to health hazards associated with it. Developing countries like India and China are going to adopt GM crops to solve their food problem. Till date no health hazards problems are reported. Biotechnology complements agriculture through various aspects like tissue culture, micropropogation, genetic modification etc. China is the largest cultivator of GM foods in Asia. India has recognized the role of genetically modified crops in increasing productivity which is an essential to fulfil the increasing needs of a growing population. The govt. of India has recognized the potential of biotechnology as a strategic economic development tool. In India the total contribution to the R&D activities on biotechnology was estimated to be $ 25 million. The Maharastra Seed Company (MSC) has developed the first GM crop along with Monsanto. In future Asia is going to be a prominent player in the field of genetic modification in agriculture with the active participation of Japan, Thailand, Philippines, Vietnam & India.

## NCAER Scales down GDP growth

The national council of applied economics research scaled down the GDP growth project on marginally to 7.05 to 7.1% for 2005-06 while warning that the fiscal deficit may go upto 4.12% of the GDP. The NCAER expects inflation to remain between 4 and 5% and stable interest rates. The real GDP growth in 2005-06 is expected to be 7.1% and the main reason for this downward revision is the lower agricultural growth of 2.5%. In April, the NCAER had projected GDP growth to be 7.2% in this fiscal on the assumption that the farm output would grow by 3.5%. The NCAER also revised downward industrial growth to 7.54% as against the earlier forecast of 7.61%. The service sector is expected to grow by a robust 8.55%.

The FDI growth into India would reach & 7 billion against $ 5.6 billion last fiscal, registering a growth of 25%. India has emerged as the top FDI destination on the basis of higher (compared to China, Brazil and Mexico) return on investment, as per the survey of the global firm KPMG.

## World's Wealthiest Countries

Based on the world Bank Gross Domestic figures (in US$) for 2004, the world's wealthiest countries are given below.

| | | |
|---|---|---|
| Unites states | : | 11.67 trillion |
| Japan | : | 4.60 trillion |
| Germany | : | 2.70 trillion |
| Britain | : | 2.00 trillion |
| France | : | 1.67 trillion |
| Italy | : | 1.65 trillion |
| China | : | 1.65 trillion |
| Spain | : | 991 billion |
| India | : | 691 billion |
| Russia | : | 582 billion |
| Switzerland | : | 359 billion |

## India's Development Indicators

India's performance was less impressive measured by social indicators. India ranked low in the Human Development Index at 127 out of 177 countries as per the UNDP Human Development Report 2005. However, out of the three aspects life expectancy, education and GDP – taken into account for the ranking, in the first with 0.64 life expectancy, India stood near the world average of 0.70. In the other two India's performance was much lower than the world average (0.77 and 0.75) with 0.61 in education and 0.56 in GDP. As education spread, the economy must have the ability to absorb the growing number of educated. Economic growth and social development must move in tandem so as to reap the synergic effects of two moving together.

## Pension Fund Regulatory and Development Authority (PFRDA)

The introduction of the new pension scheme in the form of a defined contribution pension plan for new entrants in the civil services, a year ago is a novel idea. The new PFRDA scheme also aims at bringing the unorganized sector also which constitute 93% of the workforce. PFRDA will issue new guidelines for the entry of pension fund managers into the market. Indicators are that six pension mangers will be allowed into the market at first. Three types of funds will be introduced in the market viz. Safe, balanced and growth / dynamic. The translation of pension into a guaranteed flow of income during old age will depend on the development of the annuities market, which is currently limited and lacking in product innovation and co-ordination with the insurance regulator will be critical in this regard. It will allow workers to pick up their own fund managers as well as their own pension schemes to maximize returns.

**?** ഞാൻ 1994 ൽ സർവീസിൽ പ്രവേശിച്ച പ്രൈവറ്റ് കോളജ് അധ്യാപികയാണ്. മിലിട്ടറി സർവീസിലുള്ള ഭർത്താവിനോടൊപ്പം പോകുവാൻ പലപ്പോഴായി ദീർഘകാല അവധി എടുത്തിട്ടുണ്ട്. ആറു വർഷത്തെ സർവീസ് പൂർത്തിയായപ്പോൾ 2004 ൽ മാനേജ്മെന്റ് എന്നെ സീനിയർ സ്കെയിലിൽ പ്ലയിസ് ചെയ്തു. എന്നാൽ, നിശ്ചിത എണ്ണം റിഫ്രഷർ കോഴ്സുകളിൽ പങ്കെടുത്തിട്ടില്ല എന്ന കാരണത്താൽ പ്ലയ്സ്മെന്റ് പ്രൊപ്പോസൽ യൂണിവേഴ്സിറ്റി തിരിച്ചയച്ചു. ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്?

**=** യോഗ്യരായ അധ്യാപകർക്ക് സീനിയർ സ്കെയിലിൽ/സെലക്ഷൻ ഗ്രേഡ് പ്ലയിസ്മെന്റ് ലഭിക്കുന്നതിന് നിശ്ചിത എണ്ണം റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സമയപരിധി 2005 ഡിസംബർ 31 വരെ യു. ജി. സി. നീട്ടിക്കൊടുത്തിട്ടുണ്ട്. അതു പ്രകാരം ആറു വർഷത്തെ സർവീസ് പൂർത്തിയായ അധ്യാപകർക്ക്, 2005 ഡിസംബർ 31ന് മുമ്പായി നിശ്ചിത എണ്ണം റിഫ്രഷർ കോഴ്സുകളിൽ പങ്കെടുത്തിരിക്കണം എന്ന നിബന്ധനക്ക് വിധേയമായി യൂണിവേഴ്സിറ്റിയിൽ നിന്ന് സീനിയർ സ്കെയിൽ പ്ലയിസ്മെന്റ് ലഭിക്കേണ്ടതാണ്. സീനിയർ സ്കെയിലിലെ പ്ലയിസ്മെന്റ് അപ്രൂവലിനായി അന്ന് ചെയ്തതുപോലെ വീണ്ടും യൂണിവേഴ്സിറ്റിയെ സമീപിക്കുക. റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊണ്ടുള്ള ഉത്തരവ് ugc.ac.in (ഉത്തരവ് സെപ്തംബർ ലക്കം ജേർണലിലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**?** ഞാൻ 7.10.1991 ൽ അധ്യാപകനായി സർവീസിൽ പ്രവേശിച്ചു. എനിക്ക് 27.07.1998 ൽ സീനിയർ സ്കെയിലും 7.10.2002 ൽ സെലക്ഷൻ ഗ്രേഡും ലഭിച്ചു. 1995 ൽ എം. ഫിൽ ലഭിച്ച എനിക്ക് 25.07.2002 ൽ പി. എച്ച്. ഡി. ബിരുദവും കിട്ടി. പി. എച്ച്. ഡി. ബിരുദത്തിനുള്ള രണ്ട് മുൻകൂർ ഇൻക്രിമെന്റുകൾ സെലക്ഷൻ ഗ്രേഡ് സ്കെയിലിൽ എനിക്ക് ലഭിക്കുമോ?

**=** സർവീസിലുള്ള അധ്യാപകർക്ക് 1.1.1996 നോ അതിനുശേഷമോ ലഭിച്ചിട്ടുള്ള പി. എച്ച്. ഡി. ബിരുദത്തിന് രണ്ട് മുൻകൂർ ഇൻക്രിമെന്റുകൾ പി. എച്ച്. ഡി. ബിരുദം ലഭിച്ച തീയതിക്കേ കിട്ടുകയുള്ളു. ജേർണലിന്റെ മുൻലക്കങ്ങളിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. പല അധ്യാപകരും വീണ്ടും ഈ സംശയം ഉന്നയിച്ചിരിക്കുന്നതുകൊണ്ടാണ് വീണ്ടും ഇതിന് മറുപടി നൽകുന്നത്.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ
സംശയങ്ങൾക്ക് എഴുതുക.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

# കൂട്ട വംശനാശത്തിനു കാരണം ഗാമാകിരണങ്ങൾ?

**ഡോ. എം. ആർ. സുദർശനകുമാർ**
എം. ജി. കോളജ്, തിരുവനന്തപുരം

443 ദശലക്ഷം വർഷങ്ങൾക്കു മുമ്പു നടന്ന കൂട്ട വംശനാശത്തിനു കാരണം ഗാമാ റേ സ്ഫോടനമാകാമെന്ന ആശയത്തിന് ശക്തമായ പിന്തുണ ലഭിച്ചു. അന്നുണ്ടായിരുന്ന 60% ജീവികളും അന്ന് ഉന്മൂലനാശനം ചെയ്യപ്പെട്ടു. ഗാമാ റേ സ്ഫോടനം മൂലം നൈട്രജനും ഓക്സിജനും ചേർന്ന് നൈട്രജൻ ഡയോക്സൈഡ് ഉണ്ടാകുവാൻ ഇടയായി. ഇത് ഓസോണിന്റെ പകുതിയോളം നശിപ്പിക്കുവാൻ കാരണമായി. അതുകൊണ്ട് തന്നെ ജീവികൾ ഉയർന്ന തോതിലുള്ള അൾട്രാവയലറ്റ് രശ്മികളേൽക്കുകയും അവയുടെ വംശനാശം സംഭവിക്കുകയും ചെയ്തു. നൈട്രജൻ ഡയോക്സൈഡ് കൂടുതലുള്ള ധ്രുവപ്രദേശങ്ങളിൽ സൂര്യരശ്മികൾ പതിക്കുന്നത് 30% കണ്ട് കുറയാനുമിടയാക്കുമെന്ന് ശാസ്ത്രജ്ഞൻ കരുതുന്നു. മൊത്തത്തിൽ ഭൂമിയിൽ പതിക്കുന്ന സൂര്യപ്രകാശത്തിനും 1% കുറവുണ്ടായി. (നൈട്രജൻ ഡയോക്സൈഡ് പ്രകാശം ആഗിരണം ചെയ്യുന്നതു കൊണ്ടാണ് ഈ കുറവ് ഉണ്ടാകുന്നത്). ഇത് ഭൂമി തണുത്തുറയാനും കാരണമായി. ഗാമാ റേ സ്ഫോടനമാണ് വംശനാശത്തിന് കാരണമെന്ന് സ്ഥിതീകരിക്കുവാൻ ഇനിയും കൂടുതൽ ഗവേഷണം നടത്തേണ്ടി വരും.

## *ദലൈലാമയെ ക്ഷണിച്ചത് വിവാദമാകുന്നു2*


വാഷിംഗ്ടണ്ണിൽ നവംബറിൽ നടക്കുന്ന ന്യൂറോ ശാസ്ത്രജ്ഞരുടെ അന്താരാഷ്ട്ര സമ്മേളനത്തിലേക്ക് ദലൈലാമയ്ക്ക് ക്ഷണമുണ്ട്. ടിബററൻ ബുദ്ധമത വിശ്വാസികളുടെ ധ്യാനം മസ്തിഷ്കത്തിന്റെ പ്രവർത്തനത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നു എന്നു പഠിക്കാനുള്ള ഗവേഷണത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. ധ്യാനമെങ്ങനെയാണ് മസ്തിഷ്ക പ്രവർത്തനത്തെ ബാധിക്കുന്നത് എന്ന് സംസാരിക്കാനാണ് അദ്ദേഹത്തെ അന്താരാഷ്ട്ര സമ്മേളനത്തിലേക്ക്



ക്ഷണിച്ചത്. അമ്പതോളം ശാസ്ത്രജ്ഞന്മാർ ദലൈലാമയെ ക്ഷണിച്ചത് തെററാണെന്ന് പ്രസ്താവനയിറക്കി. പരിമിതമായ ഗവേഷണം മാത്രം നടത്തി ധ്യാനത്തിന്റെ ഗുണഫലങ്ങൾ അവതരിപ്പിക്കുന്നത് ശാസ്ത്രത്തിന്റെ പാതയിൽ നിന്നുള്ള വ്യതിചലനമായി ശാസ്ത്രജ്ഞർ കരുതുന്നു.

## *കോംഗോ ദേശീയോദ്യാനം 3*

കോംഗോയിലെ ഗാരംബ ദേശീയ ഉദ്യാനത്തിനായിരിക്കും ആദ്യമായി ലോക പൈതൃകപദവി നഷ്ടപ്പെടുവാൻ പോകുന്നത്. അവിടെയുള്ള വംശനാശഭീഷണിനേരിടുന്ന നോർത്തേൺ വൈററ് റൈനോകളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ അടുത്തവർഷം തന്നെ ഇത് നടക്കുവാൻ ഇടയുണ്ട്. പത്ത് റൈനോകൾ മാത്രമാണ് ഇ



## ഡോക്ടറേററ്



കേരള സർവ്വകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് നേടിയ പന്തളം എൻ. എസ്. എസ്. കോളജ് അദ്ധ്യാപകൻ **ബി. ഗോപകുമാർ.** "Role of Institutional Finance in the Development of Small Scale Industries in Kerala " എന്ന വിഷയത്തെ അധികരിച്ച് തിരുവനന്തപുരം എം.ജി.കോളജിലെ ഡോ. വി. ഹരികുമാറിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

---

പ്പോൾ വനപ്രദേശത്ത് അവശേഷിക്കുന്നത്. വേട്ടക്കാരിൽ നിന്നും രക്ഷിക്കുവാനായി ഇതിൽ പകുതി റൈനോകളെയെങ്കിലും കെനിയയിലെ മേച്ചിൽ സ്ഥലത്തേക്ക് മാററി പാർപ്പിക്കണമെന്ന് പ്രകൃതി സംരക്ഷർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോംഗോ ഇതു നിരസിച്ചു. അവശേഷിക്കുന്ന റൈനോകളെ സംരക്ഷിക്കുവാൻ കോംഗോ നടപടികളെടുക്കുമെന്നു നമുക്ക് പ്രത്യാശിക്കാം.

### *ഇലക്ട്രോണുകളുടെ വേഗത കൂട്ടാം 4*

എം. ഐ. ടി യിലെ ഭൗതിക ശാസ്ത്രജ്ഞർ ഫോട്ടോണിക് ക്രിസ്ററലുകൾ ഉപയോഗിച്ച് ഇലക്ട്രോണുകളെ ത്വരിതപ്പെടുത്താം എന്ന് ആദ്യമായി കണ്ടെത്തി. മേശപ്പുറത്ത് വെക്കാവുന്ന തരത്തിലുള്ള പാർട്ടിക്കൾ ആക്സലറേററർ കണ്ടെത്തുവാൻ ഈ കണ്ടുപിടിത്തം സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

### References

1. New Scientist, 30 July 2005, P.13
2. Nature, 9 June 2005, p.452
3. New Scientist, 23 July 2005, p.5
4. Physics World, september 2005, p4

## സെമിനാർ



കേരളാ വിദ്യാഭ്യാസ സമിതി ജില്ലാകമ്മററിയുടെ ആഭിമുഖ്യത്തിൽ നടന്ന വിദ്യാഭ്യാസ ശിൽപ്പശാല പ്രൊഫ. നൈനാൻ കോശി ഉദ്ഘാടനം ചെയ്തു. ഡോ. സതീഷ് ചന്ദ്രൻ (എ.കെ.പി.സി.ടി. എ) അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. വി. കാർത്തികേയൻനായർ (എ.കെ.ജി. സി. ടി), കെ.എസ്.ടി.എ സംസ്ഥാന പ്രസിഡൻറ് ജെ. ക്ലീററസ്, കെ. എസ്.ടി.എ. സംസ്ഥാന ജനറൽ സെക്രട്ടറി എ.കെ. ചന്ദ്രൻ, കെ.എസ്.ടി.എ. ട്രഷറർ എം.കെ.ശ്രീധരൻ എന്നിവർ ക്ലാസ്സെടുത്തു.

ബദൽ വിദ്യാഭ്യാസബിൽ തയ്യാറാക്കി പാർലമെൻറിൽ അവതരിപ്പിക്കുന്നതിനും വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിനും ബഹുജനങ്ങളെ അണിനിരത്തി പ്രചാരണ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ശിൽപ്പശാല. തീരുമാനിച്ചു.

## കെട്ടിടഫണ്ട്

എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മററി ഓഫീസിന്റെ 3-ാം നിലയുടെ പണി പുരോഗമിക്കുന്നു. കെട്ടിടഫണ്ടിലേക്ക് ഇനിയും തുക അടയ്ക്കാത്തവർ (മെമ്പർ ഒന്നിന് 500 രൂപാ വീതം) എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

AKPCTA State Committee Office,
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35,
Phone: 2463494, Fax: 0471-2468984,
e-mail:akpcta@sancharnet.in, www.akpcta.org,

## തിരുവനന്തപുരം



### സെമിനാർ

എ. കെ. പി. സി. ടി. എ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടേയും ധനുവച്ചപുരം വി.ടി. എം എൻ. എസ്. എസ്. കോളജ് ബ്രാഞ്ചിന്റേയും സംയുക്താഭിമുഖ്യത്തിൽ 'സ്വാശ്രയകോളജ് വിധിയും പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ എ.കെ.പി.സി.ടി. എ ഓഫീസിൽ വച്ച് സെപ്റ്റംബർ 2-ാം തീയതി ചർച്ച സംഘടിപ്പിച്ചു. പ്രൊഫ. ആർ. വി. ജി മേനോൻ വിഷയമവതരിപ്പിച്ചു സംസാരിച്ചു. ജില്ലാ പ്രസിഡന്റ് ശ്രീ. ജോണി കെ. ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. എം. ആർ. സുദർശനകുമാർ സ്വാഗതമാശംസിച്ചു. ജില്ലാ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ കൃതജ്ഞത പ്രകാശിപ്പിച്ചു. ആർ. മോഹൻകുമാർ, പി. ശിവദാസൻ, കെ. സോമൻ നാടാർ, ഭുവനേന്ദ്രൻ ചാന്നാംകര എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

## തൃശ്ശൂർ

# അക്കാദമിക് കമ്മിററി ഉദ്ഘാടനം




സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സർക്കാർ നിയന്ത്രണത്തെ തള്ളിപറഞ്ഞ സമീപകാല സുപ്രീം കോടതിവിധി ഉന്നതവിദ്യാഭ്യാസരംഗത്തെ ഗുണമേന്മയെയും തുല്യ അവസര ലഭ്യതയേയും തകർക്കുമെന്ന് ഐഫ്ക്ടോ നാഷണൽ സെക്രട്ടറി പ്രൊഫ. തോമസ് ജോസഫ് പ്രസ്താവിച്ചു. എ കെ പി സി ടി എ അക്കാദമിക് കമ്മിററി ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള പ്രഭാഷണത്തിൽ, വിദ്യാഭ്യാസത്തിനുള്ള പൗരന്റെ മൗലികാവകാശത്തെ അസഹിഷ്ണുതയോടെയാണു കോടതികൾ സമീപിക്കുന്നതെന്ന് അദ്ദേഹം കുററപ്പെടുത്തി. സോഷ്യലിസത്തെ വാഴ്ത്തുന്ന ഈ വിധിയുടെ അന്തഃസത്ത മുതലാളിത്ത പക്ഷപാതമാണ്. ഭരണഘടനയുടെ അന്തസ്സ് ഉയർത്തിപിടിക്കാൻ, ഈ സുപ്രീംകോടതി വിധിയെ മറികടക്കാനുള്ള നിയമനിർമ്മാണത്തിന് പാർലമെന്റ് തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രൊഫ.ടി.എ. ഉഷാകുമാരി (ജില്ലാ വൈസ് പ്രസിഡൻറ്) അദ്ധ്യക്ഷതവഹിച്ചു. ഇ. പി. കെ. സുഭാഷിതൻ ( എൻ.ജി.ഒ യൂണിയൻ), പ്രൊഫ. മുരുകൻ ബാബു (എ.കെ.ജി.സി.ടി), ഡോ.രാജൻവർഗ്ഗീസ് (അക്കാഡമിക് കമ്മിററി കൺവീനർ, എ.കെ.പി.സി.ടി. എ) എന്നിവർ സംസാരിച്ചു. ഡോ.എൻ.ഗ്രാമപ്രകാശ് സ്വാഗതവും, പ്രൊഫ.പി.ഗോപിനാഥൻ നന്ദിയും പറഞ്ഞു.

**GOVERNMENT OF KERALA**
**FINANCE (PRU) DEPARTMENT**

## CIRCULAR

No.52/2005/Fin.

Dated, Thiruvananthapuram, 7th September 2005.

Sub: Public Services Interim Relief to State Government Employees and Pensioners sanctioned with effect from 1.8.2005 - Clarifications issued.

Ref : (1) G.O. (P) No. 384/2005/Fin dated 16.8.2005

(2) Letter No. Co-ord II/10-97/PRO 2005/1/78/127 dated 25.8.2005 from the Dy. Accountant General (A/CS & VLC) Kerala, Thiruvananthapuram.

As per the Government Order read above, Interim Relief has been sanctioned to the State Government Employees and Pensioners with effect from 1.8.2005. The Accountant General has sought clarification vide reference 2nd cited regarding the eligibility of the Interim Relief to certain categories of employees.

2. Government have examined the matter in detail and are pleased to clarify as follows.

a) The State Government Employees and staff of private colleges coming under UGC/AICTE scheme are not eligible for Interim Relief Sanctioned vide Government Order dated 16.8.2005 as their pay scales do not come under the purview of the Pay Revision Commission.

b) Judicial Officers who are drawing pay as per the Shetty Commission Report are not eligible for Interim Relief as their pay scale also do not come under the purview of the Pay Revision commission.

c) The re-employed service pensioners are eligible for interim Relief at rates as admisssible to State Service Pensioners.

d) In the case of teaching staff of educational institutions, who continue in service beyond the date of superannuation till the end of the academic year by virtue of rule 60(c) Part I Kerala Service Rules, they are not eligible for Interim Relief Sanctioned vide Government order dated 16.8.2005

e) Part Time Teachers are eligible for Interim Relief at the rate of Rs. 300/- per month as applicable to category (i) specified to the Government Order dated 16.8.2005

f) Interim Relief is not admissible along with subsistence allowance.

R. Jose Cyriac
Principal Secretary (Finance)

R.No. 36025/81
No. 194

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2003-2005
Rs. 11/- October 2005

# കോഴിക്കോട് സർവ്വകലാശാല സെനററ് സ്ഥാനാർത്ഥികൾ

| Roll. No. | Name and Address |
|---|---|
| 100 | **Dr. U. HEMANTH KUMAR**<br>Dept. of English, SNG College, Chelannur |
| 191 | **C.T. FRANCIS**<br>Dept. of Commerce, St Joseph's College, Devagiri |
| 302 | **D.K. BABU**<br>Dept. of Chemistry, Guruvayoorappan College, Calicut |
| 365 | **A. SHAJAHAN**<br>Dept. of Malayalam, Farook College, Feroke |
| 572 | **Dr. K.K. Balachandran Nair**<br>Dept. of Commerce, N.S.S. College, Manjeri |
| 585 | **M. Nazeem**<br>Dept. of Malayalam, MES College, Mampad |
| 700 | **P. Mammed**<br>Dept. of Commerce, P.S.M.O College, Tirurangadi |
| 986 | **T.C. Brindha Kumari**<br>Dept. of English, Mercy College, Palakkad |
| 907 | **M. Safarudheen**<br>Dept. of Commerce, MES College, Mannarkad |
| 1214 | **P. T. C Ponnachan**<br>Dept. of Zoology, St Thomas College, Thrissur |
| 1359 | **K.S. Jayachandran**<br>Dept. of Statistics, Sree Kerala Varma College, Thrissur |
| 1453 | **P. Gopinathan**<br>Dept. of Commerce, Sree Krishna College, Guruvayoor |
| 1660 | **Dr. N.R. Gramaprakash**<br>Dept. of Malayalam, S.N. College, Nattika |
| 1952 | **Dr. C.K. Prasad Varma Thampan**<br>Dept. of Civil Engg. N.S.S. College of Engg. Palakkad |
| 2286 | **P. G. Balakrishnan**<br>Dept. of Sanskrit, N.S.S. College, Ottappalam |

## ഇവരെ വിജയിപ്പിക്കുക
## എ.കെ.പി.സി.ടി.എ സിന്ദാബാദ്

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm, Chief Editor: S. Jayaraj kumar